കേരള സർക്കാർ



കൃഷിച്ചെലവ് സർവേ

നിർദ്ദേശ പുസ്തകം
2026-27

കൃഷിച്ചെലവ് സർവേ വിഭാഗം
സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ്
തിരുവനന്തപുരം

1. ആമുഖം

സംസ്ഥാനത്തെ പ്രധാന വിളകളുടെ കൃഷിച്ചെലവ് സംബന്ധിച്ച വിവരം ശേഖരിക്കുവാൻ 1980-81 ലെ സർക്കാർ ഉത്തരവ് നമ്പർ സ.ഉ.(സാധാ) 466/79/പിഎൽജി തീയതി 27/10/1979 പ്രകാരം അനുമതി നൽകിയിട്ടുണ്ട്. കേരളത്തിലെ 14 ജില്ലകളിൽ നിന്നും തിരഞ്ഞെടുത്തിട്ടുള്ള 38 താലൂക്കുകളിലാണ് സർവേ നടത്തി വരുന്നത്. തിരഞ്ഞെടുത്തിട്ടുള്ള വിളകളായ നെല്ല് (3 സീസൺ), തെങ്ങ്, കമുക്, മരച്ചീനി, ഏത്തവാഴ, കുരുമുളക്, ഇഞ്ചി, മഞ്ഞൾ, പാവൽ (3 സീസൺ), വള്ളിപയർ (3 സീസൺ), പൈനാപ്പിൾ, ഏലം (ഇടുക്കി, പാലക്കാട്, വയനാട് ജില്ലകളിൽ മാത്രം) എന്നിവയുടെ കൃഷിച്ചെലവ് സംബന്ധിക്കുന്ന വിവരങ്ങളാണ് ഈ സർവേയിലൂടെ ശേഖരിച്ച് വന്നിരുന്നത്. കൃഷിച്ചെലവ് സർവേയുടെ നവീകരണത്തിന്റെ ഭാഗമായി 21/10/2020-ൽ നടന്ന വകുപ്പുതല ടെക്നിക്കൽ കമ്മിറ്റിയുടെ തീരുമാനപ്രകാരം സർവേയിൽ കുമ്പളം, വെള്ളരി, പടവലം, വെണ്ട, കാബേജ്, കാരറ്റ്, ഉരുളകിഴങ്ങ്, ബീൻസ്, ബീറ്റ്റൂട്ട്, വെളുത്തുള്ളി, തക്കാളി (3 സീസൺ) എന്നീ 11 ഇനം പച്ചക്കറികൾ കൂടി 2020-21 വർഷം മുതൽ ഉൾപ്പെടുത്തിയിട്ടുണ്ട്. നെല്ല്, പാവൽ, വള്ളിപ്പയർ, കുമ്പളം, വെള്ളരി, പടവലം, വെണ്ട, കാബേജ്, കാരറ്റ്, ഉരുളക്കിഴങ്ങ്, ബീൻസ്, ബീറ്റ്റൂട്ട്, വെളുത്തുള്ളി, തക്കാളി (3 സീസൺ) തെങ്ങ്, കമുക്, മരച്ചീനി, ഏത്തവാഴ, കുരുമുളക്, ഇഞ്ചി, മഞ്ഞൾ, പൈനാപ്പിൾ, ഏലം എന്നീ 23 ഇനം വിളകളാണ് നിലവിൽ സർവേ ചെയ്ത് വരുന്നത്. കൃഷിച്ചെലവ് സർവേ ഡാറ്റാ ഉപയോക്താക്കളുടെ ആവശ്യകത നിറവേറ്റുന്നതിലേയ്ക്കും സർവേ കാലാനുസൃതമായി പരിഷ്കരിക്കുന്നതിലേക്കുമായി നടത്തിയ ചർച്ചകളുടേയും ശില്പശാലകളുടേയും ഭാഗമായി 2024-25 കാർഷികവർഷം മുതൽ നിലവിൽ സർവേ ചെയ്ത് വരുന്ന 38 താലൂക്കുകളിൽ 34 വിളകളിലേയ്ക്ക് സർവേ വ്യാപിപ്പിക്കുവാൻ തീരുമാനിച്ചു. കൂടാതെ 9 വിളകളെ 5 ഗ്രൂപ്പുകളാക്കി ഓരോ വർഷവും ഓരോ ഗ്രൂപ്പ് സർവേ ചെയ്യുന്നതിനും തീരുമാനിച്ചു.

കൃഷിച്ചെലവ് സർവേയിലൂടെ ശേഖരിക്കപ്പെടുന്ന വിവരങ്ങൾ കാർഷിക മേഖലയിലെ വിവിധ പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനും നയരൂപീകരണത്തിനും അത്യന്താപേക്ഷിതമാണ്. വിവിധ സർക്കാർ വകുപ്പുകൾക്കും ഏജൻസികൾക്കും വിളകളുടെ താങ്ങുവില, അടിസ്ഥാനവില എന്നിവ നിർണയിക്കുന്നതിലേയ്ക്ക് അവശ്യം വേണ്ട വിവരങ്ങളും കൃഷിച്ചെലവുമായി ബന്ധപ്പെട്ട് കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, സ്റ്റേറ്റ് അഗ്രിക്കൾച്ചറൽ പ്രൈസസ് ബോർഡ്, നാളികേര വികസന ബോർഡ് തുടങ്ങിയ വകുപ്പ്/ഏജൻസികൾക്ക് ആവശ്യമായ വിവരങ്ങളും ഈ സർവേയിലൂടെ ശേഖരിക്കപ്പെടുന്നു.

2. കാലയളവ്

സർവേയുടെ കാലയളവ് കാർഷിക വർഷം (ജൂലൈ–ജൂൺ) ആകുന്നു.

3. സർവേയ്ക്കുവേണ്ടി തിരഞ്ഞെടുത്തിട്ടുള്ള താലൂക്കുകളുടെ ലിസ്റ്റ്

പട്ടിക 1

ജില്ല	താലൂക്ക്
തിരുവനന്തപുരം	1. തിരുവനന്തപുരം
	2. നെയ്യാറ്റിൻകര
	3. നെടുമങ്ങാട്
കൊല്ലം	1. കൊല്ലം
	2. കുന്നത്തൂർ
	3. പത്തനാപുരം
	4. കൊട്ടാരക്കര
പത്തനംതിട്ട	1. അടൂർ
	2. തിരുവല്ല
	3. മല്ലപ്പള്ളി
	4. കോഴഞ്ചേരി
ആലപ്പുഴ	1. കാർത്തികപ്പള്ളി
	2. മാവേലിക്കര
	3. ചെങ്ങന്നൂർ
	4. കുട്ടനാട്
	5. അമ്പലപ്പുഴ
കോട്ടയം	1. ചങ്ങനാശ്ശേരി
	2. കോട്ടയം
	3. വൈക്കം
ഇടുക്കി	1. തൊടുപുഴ
എറണാകുളം	1. പറവൂർ
	2. കുന്നത്തുനാട്
	3. മുവാറ്റുപുഴ
തൃശ്ശൂർ	1. തൃശ്ശൂർ
	2. മുകുന്ദപുരം
	3. തലപ്പിള്ളി

ജില്ല	താലൂക്ക്
പാലക്കാട്	1. ചിറ്റൂർ
	2. മണ്ണാർക്കാട്
മലപ്പുറം	1. ഏറനാട്
	2. തിരൂർ
	3. പൊന്നാനി
കോഴിക്കോട്	1. കോഴിക്കോട്
	2. കൊയിലാണ്ടി
വയനാട്	1 സുൽത്താൻബത്തേരി
കണ്ണൂർ	1. തളിപ്പറമ്പ്
	2. തലശ്ശേരി
കാസർഗോഡ്	1. കാസർഗോഡ്
	2. ഹോസ്ദുർഗ്

4. സർവേയ്ക്കായി തിരഞ്ഞെടുത്ത വിളകൾ

2024-25 കാർഷിക വർഷം മുതൽ സർവേയ്ക്കായി തിരഞ്ഞെടുക്കപ്പെട്ടിട്ടുള്ള വിളകൾ പട്ടിക **2** ൽ ചേർക്കുന്നു. ഓരോ താലൂക്കിലേയും വിള സാന്ദ്രതയ്ക്ക് അനുസരിച്ചുള്ള വിളകൾ മാത്രം അതത് കാർഷിക വർഷം സർവേയിൽ ഉൾപ്പെടുത്തിയാൽ മതിയാകും.

പട്ടിക 2

ക്രമ നം.	തിരഞ്ഞെടുത്ത വിളകൾ
1	നെല്ല് (വിരിപ്പ് /മുണ്ടകൻ/ പുഞ്ച)
2	തെങ്ങ്
3	കമുക്
4	മരച്ചീനി
5	ഏത്തവാഴ
6	മറ്റു വാഴയിനങ്ങൾ
7	കുരുമുളക്
8	വെറ്റില
9	ഇഞ്ചി
10	മഞ്ഞൾ
11	പൈനാപ്പിൾ

ക്രമ നം.	തിരഞ്ഞെടുത്ത വിളകൾ
12	ഏലം
13	ചേന
14	കാച്ചിൽ
15	ചേമ്പ്
16	വെളുത്തുള്ളി (വിരിപ്പ്/മുണ്ടകൻ/പുഞ്ച)
17	ബീൻസ് (വിരിപ്പ്/മുണ്ടകൻ/പുഞ്ച)
18	ഉരുളക്കിഴങ്ങ് (വിരിപ്പ്/മുണ്ടകൻ/പുഞ്ച)
19	വള്ളിപ്പയർ (വിരിപ്പ്/മുണ്ടകൻ/പുഞ്ച)
20	പാവൽ (വിരിപ്പ്/മുണ്ടകൻ/പുഞ്ച)
21	കാബേജ് (വിരിപ്പ്/മുണ്ടകൻ/പുഞ്ച)
22	കുമ്പളം (വിരിപ്പ്/മുണ്ടകൻ/പുഞ്ച)
23	കാരറ്റ്(വിരിപ്പ്/മുണ്ടകൻ/പുഞ്ച)
24	വെണ്ട (വിരിപ്പ്/മുണ്ടകൻ/പുഞ്ച)
25	ചീര (വിരിപ്പ്/മുണ്ടകൻ/പുഞ്ച)
26	വെള്ളരി (വിരിപ്പ്/മുണ്ടകൻ/പുഞ്ച)
27	പടവലം (വിരിപ്പ്/മുണ്ടകൻ/പുഞ്ച)
28	വഴുതന (വിരിപ്പ്/മുണ്ടകൻ/പുഞ്ച)
29	ചുരയ്ക്ക (വിരിപ്പ്/മുണ്ടകൻ/പുഞ്ച)
30	തക്കാളി (വിരിപ്പ്/മുണ്ടകൻ/പുഞ്ച)
31	കോവൽ (വിരിപ്പ്/മുണ്ടകൻ/പുഞ്ച)
32	മത്തൻ (വിരിപ്പ്/മുണ്ടകൻ/പുഞ്ച)
33	ബീറ്റ്റൂട്ട് (വിരിപ്പ്/മുണ്ടകൻ/പുഞ്ച)
34	വിതപയർ/കുറ്റിപ്പയർ (വിരിപ്പ്/മുണ്ടകൻ/പുഞ്ച)

മേൽപ്പറഞ്ഞ വിളകൾ കൂടാതെ ചുവടെ ചേർത്തിരിക്കുന്ന **പട്ടിക 3** പ്രകാരമുള്ള വിളകൾ ഓരോ ഗ്രൂപ്പായി അഞ്ചു വർഷത്തിലൊരിക്കൽ സർവേ ചെയ്യേണ്ടതാണ്. ഏത് ഗ്രൂപ്പാണ് ഓരോ കാർഷികവർഷവും സർവേയിൽ ഉൾപ്പെടുത്തേണ്ടതെന്ന് അതത് കാർഷികവർഷത്തെ സർവേ ആരംഭിക്കുന്നതിന് മുൻപ് ഡയറക്ടറേറ്റ് തലത്തിൽ തീരുമാനിക്കുന്നതാണ്.

പട്ടിക 3

ഗ്രൂപ്പ്	വിള
1	ചെറുധാന്യങ്ങൾ
2	പരുത്തി, ജാതി
3	കരിമ്പ്
4	മാംഗോസ്റ്റീൻ, പാഷൻ ഫ്രൂട്ട്, റംബൂട്ടാൻ
5	തീറ്റപ്പുല്ല്, കശുമാവ്

5.സർവേയ്ക്കായി തിരഞ്ഞെടുക്കപ്പെടേണ്ട വിളകൾക്ക് വേണ്ട യോഗ്യതകൾ/ മാനദണ്ഡങ്ങൾ

വിള വിസ്തൃതിയുടെ അടിസ്ഥാനത്തിൽ എല്ലാ വിളകളേയും Small/Medium/Large എന്നിങ്ങനെ മൂന്ന് സൈസ് ക്ലാസായി തിരിച്ച് കർഷകരുടെ തിരഞ്ഞെടുപ്പും വിവരശേഖരണവും നടത്തേണ്ടതാണ്.

- Small – സൈസ് ക്ലാസ് **I**
- Medium - സൈസ് ക്ലാസ് **II**
- Large – സൈസ് ക്ലാസ് **III**

സർവേയ്ക്കായി ഓരോ വിളകളും തിരഞ്ഞെടുക്കുന്നതിന് വേണ്ട മാനദണ്ഡങ്ങളും അവയുടെ സൈസ് ക്ലാസും പട്ടിക 4 ൽ ചേർക്കുന്നു :

പട്ടിക 4

ക്രമ നം.	വിള	സൈസ് ക്ലാസ്
1	നെല്ല് (വിരിപ്പ്/ മുണ്ടകൻ/പുഞ്ച)	I : 25-99 സെൻറ് II: 100-249 സെൻറ് III: 250 സെൻറ് & അതിനു മുകളിൽ
2	തെങ്ങ് *	I : 25-99 സെൻറ് II: 100-199 സെൻറ് III: 200 സെൻറ് & അതിനു മുകളിൽ
3	കമുക് *	I : 5-49 സെൻറ് II: 50-149 സെൻറ് III: 150 സെൻറ് & അതിനു മുകളിൽ
4	മരച്ചീനി	I : 5-24 സെൻറ് II: 25-99 സെൻറ് III: 100 സെൻറ് & അതിനു മുകളിൽ

ക്രമ നം.	വിള	സൈസ് ക്ലാസ്
5	ഏത്തവാഴ	I : 5-49 സെൻറ് II: 50-199 സെൻറ് III: 200 സെൻറ് & അതിനു മുകളിൽ
6	മറ്റു വാഴയിനങ്ങൾ	I : 5-24 സെൻറ് II: 25-99 സെൻറ് III: 100 സെൻറ് & അതിനു മുകളിൽ
7	കുരുമുളക് *	I : 5-24 സെൻറ് II: 25-99 സെൻറ് III: 100 സെൻറ് & അതിനു മുകളിൽ
8	വെറ്റില	I : 2-9 സെൻറ് II: 10-24 സെൻറ് III: 25 സെൻറ് & അതിനു മുകളിൽ
9	ഇഞ്ചി	I : 5-24 സെൻറ് II: 25-49 സെൻറ് III: 50 സെൻറ് & അതിനു മുകളിൽ
10	മഞ്ഞൾ	I : 5-24 സെൻറ് II: 25-49 സെൻറ് III: 50 സെൻറ് & അതിനു മുകളിൽ
11	പൈനാപ്പിൾ	I : 50-149 സെൻറ് II: 150-299 സെൻറ് III: 300 സെൻറ് & അതിനു മുകളിൽ
12	ഏലം	I : 25-99 സെൻറ് II: 100-199 സെൻറ് III: 200 സെൻറ് & അതിനു മുകളിൽ
13	ചേന	I : 3-24 സെൻറ് II: 25-49 സെൻറ് III: 50 സെൻറ് & അതിനു മുകളിൽ
14	കാച്ചിൽ	I : 3-24 സെൻറ് II: 25-49 സെൻറ് III: 50 സെൻറ് & അതിനു മുകളിൽ
15	ചേമ്പ്	I : 3-24 സെൻറ് II: 25-49 സെൻറ് III: 50 സെൻറ് & അതിനു മുകളിൽ
16	വെളുത്തുള്ളി (വിരിപ്പ്/മുണ്ടകൻ/പുഞ്ച)	I : 3-24 സെൻറ് II: 25-49 സെൻറ് III: 50 സെൻറ് & അതിനു മുകളിൽ

ക്രമ നം.	വിള	സൈസ് ക്ലാസ്
17	ബീൻസ് (വിരിപ്പ്/മുണ്ടകൻ/പുഞ്ച)	I : 3-24 സെൻറ് II: 25-49 സെൻറ് III: 50 സെൻറ് & അതിനു മുകളിൽ
18	ഉരുളക്കിഴങ്ങ് (വിരിപ്പ്/മുണ്ടകൻ/പുഞ്ച)	I : 3-24 സെൻറ് II: 25-49 സെൻറ് III: 50 സെൻറ് & അതിനു മുകളിൽ
19	വള്ളിപ്പയർ (വിരിപ്പ്/മുണ്ടകൻ/പുഞ്ച)	I : 3-24 സെൻറ് II: 25-49 സെൻറ് III: 50 സെൻറ് & അതിനു മുകളിൽ
20	പാവൽ (വിരിപ്പ്/മുണ്ടകൻ/പുഞ്ച)	I : 3-24 സെൻറ് II: 25-49 സെൻറ് III: 50 സെൻറ് & അതിനു മുകളിൽ
21	കാബേജ് (വിരിപ്പ്/മുണ്ടകൻ/പുഞ്ച)	I : 3-24 സെൻറ് II: 25-49 സെൻറ് III: 50 സെൻറ് & അതിനു മുകളിൽ
22	കുമ്പളം (വിരിപ്പ്/മുണ്ടകൻ/പുഞ്ച)	I : 3-24 സെൻറ് II: 25-49 സെൻറ് III: 50 സെൻറ് & അതിനു മുകളിൽ
23	കാരറ്റ് (വിരിപ്പ്/മുണ്ടകൻ/പുഞ്ച)	I : 3-24 സെൻറ് II: 25-49 സെൻറ് III: 50 സെൻറ് & അതിനു മുകളിൽ
24	വെണ്ട (വിരിപ്പ്/മുണ്ടകൻ/പുഞ്ച)	I : 3-24 സെൻറ് II: 25-49 സെൻറ് III: 50 സെൻറ് & അതിനു മുകളിൽ
25	ചീര (വിരിപ്പ്/മുണ്ടകൻ/പുഞ്ച)	I : 3-24 സെൻറ് II: 25-49 സെൻറ് III: 50 സെൻറ് & അതിനു മുകളിൽ
26	വെള്ളരി (വിരിപ്പ്/മുണ്ടകൻ/പുഞ്ച)	I : 3-24 സെൻറ് II: 25-49 സെൻറ് III: 50 സെൻറ് & അതിനു മുകളിൽ
27	പടവലം (വിരിപ്പ്/മുണ്ടകൻ/പുഞ്ച)	I : 3-24 സെൻറ് II: 25-49 സെൻറ് III: 50 സെൻറ് & അതിനു മുകളിൽ
28	വഴുതന (വിരിപ്പ്/മുണ്ടകൻ/പുഞ്ച)	I : 3-24 സെൻറ് II: 25-49 സെൻറ് III: 50 സെൻറ് & അതിനു മുകളിൽ

ക്രമ നം.	വിള	സൈസ് ക്ലാസ്
29	ചുരയ്ക്ക (വിരിപ്പ്/മുണ്ടകൻ/പുഞ്ച)	I : 3-24 സെൻറ് II: 25-49 സെൻറ് III: 50 സെൻറ് & അതിനു മുകളിൽ
30	തക്കാളി (വിരിപ്പ്/മുണ്ടകൻ/പുഞ്ച)	I : 3-24 സെൻറ് II: 25-49 സെൻറ് III: 50 സെൻറ് & അതിനു മുകളിൽ
31	കോവൽ (വിരിപ്പ്/മുണ്ടകൻ/പുഞ്ച)	I : 3-24 സെൻറ് II: 25- 49 സെൻറ് III: 50 സെൻറ് & അതിനു മുകളിൽ
32	മത്തൻ (വിരിപ്പ്/മുണ്ടകൻ/പുഞ്ച)	I : 3-24 സെൻറ് II: 25-49 സെൻറ് III: 50 സെൻറ് & അതിനു മുകളിൽ
33	ബീറ്റ്റൂട്ട് (വിരിപ്പ്/മുണ്ടകൻ/പുഞ്ച)	I : 3-24 സെൻറ് II: 25-49 സെൻറ് III: 50 സെൻറ് & അതിനു മുകളിൽ
34	വിത പയർ /കുറ്റിപ്പയർ (വിരിപ്പ്/മുണ്ടകൻ/പുഞ്ച)	I : 3-24 സെൻറ് II: 25-49 സെൻറ് III: 50 സെൻറ് & അതിനു മുകളിൽ

*തെങ്ങ്, കമുക്, കുരുമുളക് എന്നീ വിളകൾ തിരഞ്ഞെടുക്കുമ്പോൾ പകുതിയെങ്കിലും കായ്ഫലം ഉള്ളതായിരിക്കണം. കള്ള് ചെത്താൻ കൊടുക്കുന്ന തെങ്ങ് ഉൾപ്പെടുന്ന കൃഷിഭൂമിയുടെ വിസ്തൃതി ആയതിന്റെ സൈസ് ക്ലാസ് നിശ്ചയിക്കാൻ ഉപയോഗിക്കുന്ന കൃഷിഭൂമിയുടെ വിസ്തൃതിയിൽ നിന്ന് ഒഴിവാക്കേണ്ടതാണ്.

6. സോണുകളുടെ തിരഞ്ഞെടുപ്പ്

ഇ.എ.ആർ.എ.എസ് (EARAS) സർവേയ്ക്കായി സംസ്ഥാനത്തെ ബ്ലോക്കുകൾ/ കോർപ്പറേഷനുകൾ/ മുനിസിപ്പാലിറ്റികൾ തുടങ്ങിയവ ഭൂപ്രകൃതി, വിസ്തൃതി എന്നിവയെ ആസ്പദമാക്കി ഇൻവെസ്റ്റിഗേറ്റർ സോണുകളായി തിരിച്ചിട്ടുണ്ട്. ഈ സോണുകൾ തന്നെയാണ് ഇവിടെ വിവക്ഷിച്ചിട്ടുള്ളത്. സർവേയ്ക്കായി തിരഞ്ഞെടുക്കപ്പെട്ടിട്ടുള്ള ഓരോ താലൂക്കിലും **നാല്** സോണുകൾ സർക്കുലർ സിസ്റ്റമാറ്റിക് സാംപ്ലിംഗ് രീതിയിൽ (നോർമൽ റൗണ്ടിങ് ഉപയോഗിക്കുക) തിരഞ്ഞെടുക്കണം. അതത് താലൂക്കിലെ ഇൻവെസ്റ്റിഗേറ്റർ സോണുകൾ എഴുതിയിരിക്കുന്ന അതേക്രമത്തിൽ തന്നെ സോൺ ലിസ്റ്റ് തയ്യാറാക്കേണ്ടതാണ്. ഉദാഹരണമായി ഒരു താലൂക്കിൽ 3 ബ്ലോക്കുകളിലായി 18 സോണുകൾ ഉണ്ടെങ്കിൽ സോണുകൾ 1 മുതൽ 18 വരെ ക്രമ നമ്പർ നൽകിയ ശേഷം 18 ൽ നിന്ന് 4 സോണുകൾ തിരഞ്ഞെടുക്കണം. ആയതിലേയ്ക്കായി ഓരോ

കാർഷികവർഷവും EARAS സർവേയ്ക്കുപയോഗിക്കുന്ന റാൻഡം കോളം ഉപയോഗിച്ച് ആദ്യത്തെ സോൺ കണ്ടെത്തുക. തുടർന്ന് സർക്കുലർ സിസ്റ്റമാറ്റിക് സാംപ്ലിംഗ് രീതി ഉപയോഗിച്ച് മറ്റ് മൂന്നു സോണുകൾ കണ്ടെത്തുക (ആവർത്തന ചോദ്യങ്ങളും ഉത്തരങ്ങളും: ചോദ്യം **L.1** കാണുക). തൊട്ടുമുൻപുള്ള വർഷം സർവേ ചെയ്ത അതേ ഇൻവെസ്റ്റിഗേറ്റർ സോൺ തന്നെ വീണ്ടും തിരഞ്ഞെടുക്കേണ്ട സാഹചര്യം വരികയാണെങ്കിൽ ആ സോണിൽ പ്രസ്തുത വർഷവും സർവേ നടത്താവുന്നതാണ്.

7. കർഷകരുടെ തിരഞ്ഞെടുപ്പ്

സർവേ നടത്തുന്ന ഓരോ താലൂക്കിലും തിരഞ്ഞെടുക്കപ്പെട്ട നാല് സോണുകളിൽ നിന്നും ഓരോ വിളയ്ക്കും ഓരോ സൈസ് ക്ലാസിലും നാല് കർഷകരെ വീതം തിരഞ്ഞെടുക്കേണ്ടതാണ്(പട്ടിക 5 കാണുക).

പട്ടിക 5

ഓരോ വിളയ്ക്കും തിരഞ്ഞെടുക്കേണ്ട കർഷകരുടെ എണ്ണം	സൈസ് ക്ലാസ് I	സൈസ് ക്ലാസ് II	സൈസ് ക്ലാസ് III	ആകെ
	4	**4**	**4**	**12**

താഴെ പറയുന്ന 7 സോഴ്സുകൾ ഉൾപ്പെടുന്ന ഫ്രെയിം ക്രമമനുസരിച്ച് ഉപയോഗപ്പെടുത്തി വിളകൾക്കാവശ്യമായ കർഷകരെ തിരഞ്ഞെടുക്കാവുന്നതാണ്.

1. EARAS ഫോർകാസ്റ്റ് ലിസ്റ്റ്
2. ഫാം പ്രൈസ് ലിസ്റ്റ്
3. കൃഷിഭവൻ
4. പാടശേഖരസമിതി
5. VFPCK (Vegetable and Fruit Promotion Council Keralam)
6. വിപണന കേന്ദ്രങ്ങളിൽ നിന്നും ലഭിക്കുന്ന കർഷകരുടെ ലിസ്റ്റ്
7. പ്രാദേശിക അന്വേഷണം

സർവേയ്ക്കായി കർഷകരെ തിരഞ്ഞെടുക്കുമ്പോൾ ചുവടെ ചേർത്തിരിക്കുന്ന കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതാണ്

മേൽ പറഞ്ഞ ഏഴ് സോഴ്സുകൾ ക്രമമനുസരിച്ച് പരിശോധിച്ച് തിരഞ്ഞെടുക്കപ്പെട്ട നാല് സോണുകളിലുൾപ്പെട്ട വിവരദാതാക്കളാകാൻ സന്നദ്ധരായ കർഷകരെ മാത്രം പരിഗണിക്കുക. ഇപ്രകാരം കർഷകരെ ലിസ്റ്റ് ചെയ്യുമ്പോൾ ഒന്നിലധികം സോഴ്സുകളിൽ ഉൾപ്പെട്ട കർഷകരെ ആവർത്തിച്ച് ഉൾപ്പെടുത്താതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

താഴെ പറയുന്ന മൂന്ന് ഘട്ടങ്ങളായിട്ടാണ് സർവേയ്ക്കാവശ്യമായിട്ടുള്ള കർഷകരുടെ തിരഞ്ഞെടുപ്പ് നടത്തേണ്ടത്:

ഘട്ടം 1: റാൻഡം സെലക്ഷൻ

- ഓരോ സൈസ് ക്ലാസിലും ആവശ്യമായ കർഷകരുടെ രണ്ട് മടങ്ങ് എണ്ണം (ലഭ്യമായ കർഷകരുടെ എണ്ണം അനുസരിച്ച് പരമാവധി 8 കർഷകർ വരെ) ലഭ്യമാകുന്നതുവരെ ക്രമമായി ഈ സോഴ്സുകൾ ഉപയോഗിക്കാവുന്നതുമാണ്.
- ഓരോ സൈസ് ക്ലാസിലും ഇപ്രകാരം ലിസ്റ്റ് ചെയ്യപ്പെട്ടിട്ടുള്ള എട്ട് കർഷകരിൽ നിന്നും നാല് വീതം കർഷകരെ പ്രസ്തുത വിളയ്ക്ക് നിലവിൽ ഇ.എ.ആർ.എ.എസ് ന് ഉപയോഗിക്കുന്ന റാൻഡം ടേബിളും കോളവും ഉപയോഗിച്ച് സിംപിൾ റാൻഡം സാംപ്ലിംഗ് വഴി തിരഞ്ഞെടുക്കേണ്ടതാണ്. ഇപ്രകാരം ഓരോ സൈസ് ക്ലാസിലും നാല് കർഷകരെ വീതം തിരഞ്ഞെടുക്കുമ്പോൾ ഓരോ സോണിൽ നിന്നും തിരഞ്ഞെടുക്കാവുന്ന കർഷകരുടെ എണ്ണത്തിന് പരിധി നിശ്ചയിച്ചിട്ടില്ല.

ഘട്ടം 2: പർപ്പസ്സീവ് സെലക്ഷൻ

മേൽ പറഞ്ഞ പ്രകാരം താലൂക്കിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട നാല് സോണുകളിൽ നിന്ന് മൂന്ന് സൈസ് ക്ലാസുകളിലായി 12 കർഷകരെ ലഭിച്ചില്ലെങ്കിൽ, ആ താലൂക്കിലെ EARAS സോൺ ലിസ്റ്റ് പ്രകാരം ക്രമമായി ഓരോ **റിസർവ് സോണും** (താലൂക്കുകളിൽ നിന്നും തിരഞ്ഞെടുത്ത 4 സോണുകൾ ഒഴികെയുള്ള സോണുകൾ) പരിശോധിച്ച് കർഷകരുടെ എണ്ണം കുറവുള്ള സൈസ് ക്ലാസിലേക്ക് കർഷകരെ ലഭ്യമാണെങ്കിൽ പർപ്പസീവായി തിരഞ്ഞെടുക്കേണ്ടതാണ്.

ഘട്ടം 3: സബ്സ്റ്റിറ്റ്യൂഷൻ

ഇത്തരത്തിൽ ആ താലൂക്കിലെ റിസർവ് സോണുകളിൽ നിന്നും Small/Medium/Large എന്നിങ്ങനെ മൂന്നായി തിരിച്ച സൈസ് ക്ലാസുകളിൽ ഏതെങ്കിലും സൈസ് ക്ലാസിൽ കർഷകരുടെ എണ്ണം അപര്യാപ്തമാകുന്ന പക്ഷം ആദ്യം തിരഞ്ഞെടുത്ത 4 സോണുകളിലെ മറ്റ് സൈസ് ക്ലാസുകളിൽ നിന്ന് അപര്യാപ്തത പരിഹരിക്കുന്നതിനുള്ള മുൻഗണന ക്രമപ്രകാരം **(പട്ടിക 6)** ആവശ്യമുള്ള എണ്ണം കർഷകരെ തിരഞ്ഞെടുക്കാവുന്നതാണ്.

പട്ടിക 6

അപര്യാപ്തത ഉള്ള സൈസ് ക്ലാസ്	മുൻഗണനാ ക്രമം
I	II , III
II	III , I
III	II , I

ഒന്നിലധികം സൈസ് ക്ലാസുകളിൽ അപര്യാപ്തത ഉണ്ടാകുന്ന പക്ഷം സൈസ് ക്ലാസ് **I**, സൈസ് ക്ലാസ് **II**, സൈസ് ക്ലാസ് **III** എന്നീ ക്രമത്തിലാണ് അപര്യാപ്തത പരിഹരിക്കേണ്ടത്.

❖ ഇപ്രകാരവും പര്യാപ്തമായ എണ്ണം കർഷകരെ ലഭ്യമാകാത്ത പക്ഷം പ്രസ്തുത താലൂക്കിൽ നിന്നും ആകെ തിരഞ്ഞെടുക്കപ്പെട്ട കർഷകരെ മാത്രം ഉൾക്കൊള്ളിച്ച് സർവേ പൂർത്തീകരിക്കേണ്ടതാണ്.

Special case: പർപ്പസീവ് സെലക്ഷൻ
ഒരു വിളയ്ക്ക് തിരഞ്ഞെടുക്കുന്ന കർഷകർ മറ്റ് വിളകൾ കൂടി കൃഷിചെയ്യുന്നുണ്ടെങ്കിൽ പ്രസ്തുത കർഷകരെ ഈ വിളകൾക്ക് പർപ്പസീവായി തിരഞ്ഞെടുക്കാവുന്നതാണ്.

8. വിളകളുടെ വിവരശേഖരണം നടത്തേണ്ട കാലയളവ്

ഓരോ വിളകൾക്കും അവയ്ക്ക് നിർദ്ദേശിക്കപ്പെട്ടിട്ടുള്ള സന്ദർശന കാലയളവ് പ്രകാരം പ്രസ്തുത കർഷകരെ സന്ദർശിച്ച് വിവരശേഖരണം നടത്തേണ്ടതാണ് (**പട്ടിക 7 കാണുക**).

പട്ടിക 7

രണ്ട് മാസക്കാലയളവ്	
1. തെങ്ങ്	2. കമുക്
3. മരച്ചീനി	4. ഏത്തവാഴ
5. മറ്റു വാഴയിനങ്ങൾ	6. കുരുമുളക്
7. ഇഞ്ചി	8. മഞ്ഞൾ
9. പൈനാപ്പിൾ	
ഒരു മാസക്കാലയളവ്	
10. നെല്ല്(വിരിപ്പ്/മുണ്ടകൻ/ പുഞ്ച)	11. ചേന
12. ഏലം	13. ചേമ്പ്
14. കാച്ചിൽ	
രണ്ടാഴ്ച കാലയളവിൽ	
15. വെറ്റില	16. ചീര(വിരിപ്പ്/മുണ്ടകൻ/പുഞ്ച)
17. വെളുത്തുള്ളി(വിരിപ്പ്/മുണ്ടകൻ/പുഞ്ച)	18. വെള്ളരി(വിരിപ്പ്/മുണ്ടകൻ/പുഞ്ച)
19. ബീൻസ്(വിരിപ്പ്/മുണ്ടകൻ/പുഞ്ച)	20. പടവലം(വിരിപ്പ്/മുണ്ടകൻ/പുഞ്ച)

21. ഉരുളക്കിഴങ്ങ്(വിരിപ്പ്/മുണ്ടകൻ/പുഞ്ച)	22. വഴുതന(വിരിപ്പ്/മുണ്ടകൻ/പുഞ്ച)
23. വള്ളിപ്പയർ(വിരിപ്പ്/മുണ്ടകൻ/പുഞ്ച)	24. ചുരയ്ക്ക(വിരിപ്പ്/മുണ്ടകൻ/പുഞ്ച)
25. പാവൽ(വിരിപ്പ്/മുണ്ടകൻ/പുഞ്ച)	26. തക്കാളി(വിരിപ്പ്/മുണ്ടകൻ/പുഞ്ച)
27. കാബേജ്(വിരിപ്പ്/മുണ്ടകൻ/പുഞ്ച)	28. കോവൽ(വിരിപ്പ്/മുണ്ടകൻ/പുഞ്ച)
29. കുമ്പളം(വിരിപ്പ്/മുണ്ടകൻ/പുഞ്ച)	30. മത്തൻ(വിരിപ്പ്/മുണ്ടകൻ/പുഞ്ച)
31. കാരറ്റ്(വിരിപ്പ്/മുണ്ടകൻ/പുഞ്ച)	32. ബീറ്റ്റൂട്ട്(വിരിപ്പ്/മുണ്ടകൻ/പുഞ്ച)
33. വെണ്ട(വിരിപ്പ്/മുണ്ടകൻ/പുഞ്ച)	34. വിതപയർ/കുറ്റിപ്പയർ(വിരിപ്പ്/ മുണ്ടകൻ/പുഞ്ച)

9. കർഷകരുടെ തിരഞ്ഞെടുപ്പിന് ഉപയോഗിക്കുന്ന റാൻഡം കോളം

താലൂക്ക് തലത്തിൽ അംഗീകരിച്ച് അന്തിമമാക്കിയ കർഷകരുടെ ലിസ്റ്റിൽ നിന്നും ഓരോ ഇൻവെസ്റ്റിഗേറ്ററും ഓരോ സൈസ് ക്ലാസിലേയ്ക്കും ആവശ്യമായ കർഷകരെ സിംപിൾ റാൻഡം സാംപ്ലിങ് ഉപയോഗിച്ച് തിരഞ്ഞെടുക്കേണ്ടതാണ്. ഇതിലേയ്ക്കായി നിലവിൽ ഇ.എ.ആർ.എ.എസ് പദ്ധതിയ്ക്കായി ഉപയോഗിക്കുന്ന റാൻഡം ടേബിളും കോളവും ഉപയോഗിക്കേണ്ടതാണ് (**പട്ടിക 8 കാണുക**).

പട്ടിക 8

ക്രമ നം.	വിള	റാൻഡം കോളം
1	നെല്ല്(വിരിപ്പ്/മുണ്ടകൻ/ പുഞ്ച)	1/2/3
2	തെങ്ങ്	5
3	കമുക്	6
4	മരച്ചീനി	4
5	ഏത്തവാഴ	9
6	മറ്റ വാഴയിനങ്ങൾ	11
7	കുരുമുളക്	8
8	വെറ്റില	1
9	ഇഞ്ചി	3
10	മഞ്ഞൾ	3
11	പൈനാപ്പിൾ	2
12	ഏലം	3
13	ചേന	1
14	കാച്ചിൽ	2
15	ചേമ്പ്	1
16	വെളുത്തുള്ളി(വിരിപ്പ്/മുണ്ടകൻ/പുഞ്ച)	2
17	ബീൻസ്(വിരിപ്പ്/മുണ്ടകൻ/പുഞ്ച)	3

ക്രമ നം.	വിള	റാൻഡം കോളം
18	ഉരുളക്കിഴങ്ങ്(വിരിപ്പ്/മുണ്ടകൻ/പുഞ്ച)	3
19	വള്ളിപ്പയർ(വിരിപ്പ്/മുണ്ടകൻ/പുഞ്ച)	1
20	പാവൽ(വിരിപ്പ്/മുണ്ടകൻ/പുഞ്ച)	3
21	കാബേജ്(വിരിപ്പ്/മുണ്ടകൻ/പുഞ്ച)	3
22	കുമ്പളം(വിരിപ്പ്/മുണ്ടകൻ/പുഞ്ച)	3
23	കാരറ്റ്(വിരിപ്പ്/മുണ്ടകൻ/പുഞ്ച)	3
24	വെണ്ട(വിരിപ്പ്/മുണ്ടകൻ/പുഞ്ച)	3
25	ചീര(വിരിപ്പ്/മുണ്ടകൻ/പുഞ്ച)	3
26	വെള്ളരി(വിരിപ്പ്/മുണ്ടകൻ/പുഞ്ച)	3
27	പടവലം(വിരിപ്പ്/മുണ്ടകൻ/പുഞ്ച)	1
28	വഴുതന(വിരിപ്പ്/മുണ്ടകൻ/പുഞ്ച)	3
29	ചുരയ്ക്ക(വിരിപ്പ്/മുണ്ടകൻ/പുഞ്ച)	3
30	തക്കാളി(വിരിപ്പ്/മുണ്ടകൻ/പുഞ്ച)	3
31	കോവൽ(വിരിപ്പ്/മുണ്ടകൻ/പുഞ്ച)	3
32	മത്തൻ(വിരിപ്പ്/മുണ്ടകൻ/പുഞ്ച)	3
33	ബീറ്റ്റൂട്ട്(വിരിപ്പ്/മുണ്ടകൻ/പുഞ്ച)	3
34	വിത പയർ/കുറ്റിപ്പയർ (വിരിപ്പ്/മുണ്ടകൻ/പുഞ്ച)	3

10.അഞ്ച് വർഷത്തിൽ ഒരിക്കൽ കൃഷിചെയ്യുന്ന വിളകൾ

പട്ടിക 9

ക്രമ നം.	കാർഷിക വർഷം	വിള	സൈസ്സ് ക്ലാസ്സ്	വിവരശേഖരണം നടത്തേണ്ട കാലയളവ്	റാൻഡം കോളം
1	2025-26	റാഗി	I : 5-24 സെൻറ് II : 25-99 സെൻറ് III : 100 സെൻറ് & അതിനു മുകളിൽ	ഒരു മാസക്കാലയളവ്	3

11.തിരഞ്ഞെടുക്കപ്പെട്ട കാർഷിക വിളകളുടെ കൃഷിച്ചെലവ് സർവേ ഷെഡ്യൂളുകൾ

കൃഷിച്ചെലവ് സർവേയ്ക്കായി പ്രധാനമായും താഴെ പറയുന്ന ഷെഡ്യൂളുകളാണ് ഉപയോഗിക്കുന്നത്. ഈ സർവേ ഷെഡ്യൂളുകൾ പൂരിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ അനുസരിച്ച് രേഖപ്പെടുത്തേണ്ടതാണ്.

I. <u>ഷെഡ്യൂൾ L</u>: ലിസ്റ്റിംഗ് ഷെഡ്യൂൾ

II. <u>ഷെഡ്യൂൾ D</u> : കൃഷിച്ചെലവ് വിവരശേഖരണ ഷെഡ്യൂൾ

I. <u>ഷെഡ്യൂൾ L</u>

കൃഷിച്ചെലവ് സർവേയ്ക്കായി ഓരോ താലൂക്കിലും തിരഞ്ഞെടുക്കപ്പെടുന്ന സോണുകളുടേയും (പാര. 6 പ്രകാരം), സോണുകളിൽ നിന്ന് ഓരോ വിളയ്ക്കും തിരഞ്ഞെടുക്കപ്പെടുന്ന കർഷകരുടേയും (പാരാ 7 ലെ നിർദ്ദേശ പ്രകാരം) വിവരങ്ങളാണ് ഷെഡ്യൂൾ L ൽ രേഖപ്പെടുത്തേണ്ടത്. ഓരോ വിളയും കൃഷി ചെയ്യുന്ന ഭൂമിയുടെ വിസ്തൃതിയുടെ അടിസ്ഥാനത്തിൽ സൈസ് ക്ലാസ് കോഡുകൾ രേഖപ്പെടുത്തേണ്ടതും ഓരോ സൈസ് ക്ലാസിലും വരുന്ന കർഷകരുടെ ക്രമ നമ്പർ രേഖപ്പെടുത്തി ഓരോ സൈസ് ക്ലാസിലേയ്ക്കും ആവശ്യമായ കർഷകരെ സിംപിൾ റാൻഡം സാംപ്ലിങ് വഴി (പ്രസ്തുത വിളയ്ക്കുള്ള EARAS റാൻഡം കോളം ഉപയോഗിക്കുക) തിരഞ്ഞെടുക്കുകയും പ്രസ്തുത കോളത്തിൽ തിരഞ്ഞെടുത്ത ക്രമ പ്രകാരമുള്ള നമ്പർ രേഖപ്പെടുത്തുകയും ചെയ്യുക. കർഷകരുടെ എണ്ണത്തിൽ അപര്യാപ്തതയുള്ള പക്ഷം പർപ്പസീവായി തിരഞ്ഞെടുക്കുന്ന കർഷകരെ ലിസ്റ്റിംഗ് ഷെഡ്യൂളിൽ തുടർച്ചയായി രേഖപ്പെടുത്തേണ്ടതാണ്. ഇപ്രകാരം ഓരോ താലൂക്കിലും സർവേയ്ക്കായി തിരഞ്ഞെടുക്കപ്പെട്ട ഓരോ വിളയ്ക്കും തയ്യാറാക്കിയിട്ടുള്ള ലിസ്റ്റിംഗ് ഷെഡ്യൂൾ (L) ജില്ലാ താലൂക്ക് തലത്തിൽ അംഗീകരിച്ച് ഡയറക്ടറേറ്റിൽ സമർപ്പിക്കേണ്ടതാണ്.

II. <u>ഷെഡ്യൂൾ D</u>

തിരഞ്ഞെടുക്കപ്പെട്ട കാർഷിക വിളകളുടെ കൃഷിച്ചെലവ് വിവരങ്ങൾ 0 മുതൽ 12 വരെയുള്ള 15 ബ്ലോക്കുകൾ വഴി ശേഖരിക്കുന്നു (പട്ടിക 10 കാണുക).

<u>പട്ടിക 10</u>

ബ്ലോക്ക്	ഇനം
0	തിരഞ്ഞെടുക്കപ്പെട്ട കർഷകന്റെ പൊതുവിവരങ്ങൾ
1	തിരഞ്ഞെടുക്കപ്പെട്ട വിള സംബന്ധിച്ച വിവരങ്ങൾ
2	തിരഞ്ഞെടുത്ത വിളയുടെ കൃഷിസംബന്ധമായ വിവരങ്ങൾ
3	സ്വന്തമായിട്ടുള്ളതും കൃഷിയ്ക്കുപയോഗിക്കുന്നതുമായ യന്ത്രങ്ങൾ, മറ്റു ഉപകരണങ്ങൾ, ജലസേചന സൗകര്യങ്ങൾ തുടങ്ങിയവയെ സംബന്ധിച്ച വിവരങ്ങൾ
4	കൂലി സംബന്ധിച്ച വിവരങ്ങൾ
5	കൃഷിയ്ക്കുപയോഗിച്ച സാധനങ്ങളുടെ അളവും വിലയും

6	നികുതികൾ
7	മറ്റ് ചെലവുകൾ
7.1	പാട്ടവാടക
7.2	മാർക്കറ്റിങ് ചാർജ്
8	ഉത്പ്പന്നങ്ങളുടേയും ഉപോത്പ്പന്നങ്ങളുടേയും അളവും വിലയും
9	വായ്പ, സബ്സിഡി സംബന്ധമായ വിവരങ്ങൾ
10	നിലവിലെ കൃഷി സംബന്ധിച്ച അഭിപ്രായം
11	വിവരശേഖരണം സംബന്ധിച്ച അഭിപ്രായം
12	സൂപ്പർവിഷൻ സംബന്ധിച്ച അഭിപ്രായം

ബ്ലോക്ക് 0

തിരഞ്ഞെടുത്ത വിള കൃഷി ചെയ്യുന്ന സ്ഥലത്തിന്റെ ഭൂമിശാസ്ത്രപരമായ വിവരങ്ങളോടൊപ്പം കർഷകന്റെ അടിസ്ഥാന വിവരങ്ങളും ഈ ബ്ലോക്കിൽ രേഖപ്പെടുത്തേണ്ടതാണ്. ബ്ലോക്ക് **0** ൽ **i** മുതൽ **vi** വരെയുള്ള ഇനങ്ങളിൽ കൃഷി ഭൂമി സംബന്ധിച്ച വിവരങ്ങളും **vii** മുതൽ **xiii** വരെയുള്ളതിൽ കർഷകനെ സംബന്ധിച്ച വിവരങ്ങളുമാണ് രേഖപ്പെടുത്തേണ്ടത്. ലിംഗഭേദം രേഖപ്പെടുത്തുമ്പോൾ സർക്കാർ അംഗീകൃത തിരിച്ചറിയൽ കാർഡുള്ള ട്രാൻസ്ജെൻഡർ വ്യക്തികളെ ആ വിഭാഗത്തിൽ ഉൾപ്പെടുത്തേണ്ടതാണ്. വിദ്യാഭ്യാസ യോഗ്യത, പ്രധാന തൊഴിൽ എന്നിവയ്ക്ക് നൽകിയിട്ടുള്ള കോഡുകളിൽ നിന്നും അനുയോജ്യമായത് തിരഞ്ഞെടുത്ത് പൂരിപ്പിക്കേണ്ടതാണ്. ഔപചാരിക വിദ്യാഭ്യാസം നേടാതെ തന്നെ ഏതെങ്കിലും ഒരു ഭാഷയിൽ വായിക്കാനും എഴുതാനും കഴിയുന്ന ഏതൊരു വ്യക്തിക്കും വിദ്യാഭ്യാസ യോഗ്യത കോഡ് 2 കൊടുക്കാവുന്നതാണ്. ഇതിന് കഴിയാത്തവരെ നിരക്ഷരരായികണക്കാക്കുകയും അവർക്ക് കോഡ്-1 നൽകുകയും ചെയ്യാം. കൂടാതെ ഹയർ സെക്കൻഡറി തലം വരെ വിദ്യാഭ്യാസം ഉള്ളവർക്ക് കോഡ് -3, ബിരുദം-4, ബിരുദാനന്തര ബിരുദം-5, മറ്റുള്ളവ-6 എന്നിങ്ങനെ രേഖപ്പെടുത്തേണ്ടതാണ്. ഇനം **xiii** ൽ കർഷകന്റെ ഫോൺ നമ്പർ (കർഷകന്റെ സ്വന്തം ഫോൺ നമ്പരോ അല്ലെങ്കിൽ കർഷകനെ ബന്ധപ്പെടാൻ കഴിയുന്ന മറ്റൊരു ഫോൺ നമ്പരോ)രേഖപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

ബ്ലോക്ക് 1

കർഷകനിൽ നിന്ന് സർവേയ്ക്കായി തിരഞ്ഞെടുത്ത വിളയുടെ പേര് **i** ൽ രേഖപ്പെടുത്തുക. പ്രസ്തുത കർഷകനിൽ നിന്നും മറ്റ് വിളകൾ സർവേയ്ക്കായി തിരഞ്ഞെടുത്തിട്ടുണ്ടെങ്കിൽ ആയത് **ii** ൽ രേഖപ്പെടുത്തുക. തിരഞ്ഞെടുത്ത വിള മുൻപ്

കൃഷിചെയ്തിട്ടുണ്ടെങ്കിൽ കോഡ് **1** ഉം അല്ലാത്ത പക്ഷം കോഡ് **2** ഉം രേഖപ്പെടുത്തുക. നിലവിലെ കൃഷി സമ്പ്രദായം വ്യക്തിഗതമാണെങ്കിൽ കോഡ് **1** ഉം കൂട്ടുകൃഷിയാണെങ്കിൽ കോഡ് **2** ഉം രേഖപ്പെടുത്തേണ്ടതാണ്. പ്രസ്തുത വിള ഇൻഷർ ചെയ്തിട്ടുണ്ടെങ്കിൽ കോഡ് **1** ഉം അല്ലാത്ത പക്ഷം കോഡ് **2** ഉം രേഖപ്പെടുത്തുക. നിലവിലെ കൃഷിയ്ക്കായി എടുത്ത വായ്പ സർക്കാർ സംവിധാനത്തിൽ **(**സഹകരണ ബാങ്കുകൾ**,** പൊതുമേഖല ബാങ്കുകൾ ഉൾപ്പെടെ**)** നിന്നാണെങ്കിൽ കോഡ് **1** ഉം സർക്കാർ ഇതര സംവിധാനത്തിൽ**(**സ്വകാര്യ ബാങ്കുകൾ**,** മറ്റു ധനകാര്യസ്ഥാപനങ്ങൾ**,** വ്യക്തികൾ ഉൾപ്പെടെ**)** നിന്നാണെങ്കിൽ കോഡ് **2** ഉം നിലവിൽ വായ്പ എടുത്തിട്ടില്ലെങ്കിൽ കോഡ് **3** ഉം രേഖപ്പെടുത്തേണ്ടതാണ്. പ്രസ്തുത വിളയ്ക്ക് പൂർണമായി കൃഷിനാശം സംഭവിച്ചിട്ടുണ്ടെങ്കിൽ കോഡ് **1** ഉം ഭാഗികമായിട്ടാണെങ്കിൽ കോഡ് **2** ഉം കൃഷിനാശം സംഭവിച്ചിട്ടില്ല എങ്കിൽ കോഡ് **3** ഉം രേഖപ്പെടുത്തുക. ഈ കൃഷിനാശവുമായി ബന്ധപ്പെട്ട് സർക്കാർ വകുപ്പുകളിൽ നിന്നോ ഏജൻസികളിൽ നിന്നോ സഹായം ലഭിച്ചിട്ടുണ്ടെങ്കിൽ കോഡ് **1** ഉം സ്വകാര്യ ഏജൻസികളിൽ നിന്നാണെങ്കിൽ കോഡ് **2** ഉം മറ്റുള്ളവയിൽ നിന്നാണെങ്കിൽ കോഡ് **3** ഉം സഹായം ലഭ്യമായിട്ടില്ല എങ്കിൽ കോഡ് **4** ഉം ബാധകമല്ലെങ്കിൽ കോഡ് **5** ഉം രേഖപ്പെടുത്തേണ്ടതാണ്. നിലവിലെ കൃഷിയുമായി ബന്ധപ്പെട്ട് സബ്സിഡി ലഭിച്ചിട്ടുണ്ടെങ്കിൽ കോഡ് **1** ഉം ലഭിച്ചിട്ടില്ലെങ്കിൽ കോഡ് **2** ഉം രേഖപ്പെടുത്തേണ്ടതാണ്. സബ്സിഡി ലഭിയ്ക്കാത്ത പക്ഷം പ്രസ്തുത കൃഷിയ്ക്ക് സബ്സിഡി ലഭിയ്ക്കാനിടയുണ്ടെങ്കിൽ കോഡ് **1** ഉം ഇല്ലായെങ്കിൽ കോഡ് **2** ഉം രേഖപ്പെടുത്തുക.

ബ്ലോക്ക് 2

തിരഞ്ഞെടുത്ത വിളയുടെ കൃഷി സംബന്ധമായ വിവരങ്ങളാണ് ഈ ബ്ലോക്കിൽ രേഖപ്പെടുത്തേണ്ടത്. തിരഞ്ഞെടുത്ത വിള കൃഷി ചെയ്യുന്ന സ്വന്തമായുള്ളതും പാട്ടത്തിനെടുത്തതും മറ്റു രീതിയിലുള്ളതുമായ ഭൂമിയുടെ വിസ്തൃതി നിലം, കര (ഭൂമിയുടെ തനത് സ്വഭാവമനുസരിച്ച് നിലം/കര എന്ന് തീരുമാനിക്കാവുന്നതാണ്)എന്നിങ്ങനെ വേർതിരിച്ച് കൃത്യമായി രേഖപ്പെടുത്തേണ്ടതാണ്. ഇപ്രകാരം ഇനം **i** ൽ തരം തിരിച്ച് രേഖപ്പെടുത്തിയിട്ടുള്ള കൃഷിഭൂമിയുടെ ആകെ വിസ്തൃതി ഇനം **ii** ൽ സെന്റിൽ രേഖപ്പെടുത്തേണ്ടതാണ്. കൃഷിഭൂമിയുടെ വിസ്തൃതി അനുസരിച്ച് തിരഞ്ഞെടുത്ത വിളയുടെ സൈസ് ക്ലാസ് കോഡ് രേഖപ്പെടുത്തേണ്ടതാണ്. കൃഷിയ്ക്ക് ഉപയോഗിക്കുന്നത് നാടൻ വിത്തിനമാണെങ്കിൽ കോഡ് **1** ഉം അത്യുത്പാദനശേഷി ഉള്ളതാണെങ്കിൽ കോഡ് **2** ഉം രണ്ട് തരത്തിലുള്ള വിത്തിനങ്ങളും ഉപയോഗിക്കുന്നുണ്ടെങ്കിൽ കോഡ് **3** ഉം രേഖപ്പെടുത്തേണ്ടതാണ്. തിരഞ്ഞെടുത്ത വിളയുടെ കൃഷിയ്ക്കായി പൂർണമായും ആധുനിക യന്ത്രങ്ങൾ, ആധുനിക രീതികൾ ഉപയോഗിക്കുകയാണെങ്കിൽ മാത്രം ആ കർഷകനെ

സംബന്ധിച്ച് കോഡ് **1** ഉം അല്ലാത്തവരെ സംബന്ധിച്ച് കോഡ് **2** ഉം ആധുനിക കൃഷി രീതിയിലെ ഏതെങ്കിലും കുറച്ച് കാര്യങ്ങൾ (ആധുനിക യന്ത്രങ്ങൾ, ഉപകരണങ്ങൾ തുടങ്ങിയവ) മാത്രമാണ് ഉപയോഗിക്കുന്നതെങ്കിൽ കോഡ് **3** ഉം രേഖപ്പെടുത്തേണ്ടതാണ്. സർക്കാർ-അർദ്ധ സർക്കാർ സ്ഥാപനങ്ങളിൽ നിന്നും കാർഷിക മേഖലയിൽ ഡിഗ്രി, ഡിപ്ലോമ, മറ്റ് സർട്ടിഫൈഡ് കോഴ്സുകൾ പൂർത്തികരിച്ചിട്ടുണ്ടെങ്കിലോ പ്രസ്തുത വിള പരിപാലനം സംബന്ധിച്ച് സർക്കാർ മേഖലയിൽ നിന്നും ഏതെങ്കിലും പരിശീലനം ലഭിച്ചിട്ടുണ്ടെങ്കിലോ കോഡ് **1** രേഖപ്പെടുത്തേണ്ടതാണ്. പരിശീലനം സ്വകാര്യ ഏജൻസികൾ വഴിയാണെങ്കിൽ കോഡ് **2** ഉം യൂട്യൂബ് പോലുള്ള സാമൂഹ്യമാധ്യമങ്ങൾ വഴിയാണെങ്കിൽ കോഡ് **3** ഉം പരമ്പരാഗതമായി ലഭിച്ചിട്ടുള്ളതാണെങ്കിൽ കോഡ് **4** ഉം പരിശീലനം ലഭിച്ചിട്ടില്ല എങ്കിൽ കോഡ് **5** എന്നും രേഖപ്പെടുത്തേണ്ടതാണ്.

ബ്ലോക്ക് 3

തിരഞ്ഞെടുത്ത വിള കൃഷി ചെയ്യുന്നതിലേയ്ക്കായി ഉപയോഗിക്കുന്ന കർഷകന്റെ **ഉടമസ്ഥതയിലുള്ള** യന്ത്രങ്ങൾ, കാർഷികോപകരണങ്ങൾ, മൃഗങ്ങൾ, ജലസേചന സൗകര്യങ്ങൾ, സംഭരണ സൗകര്യങ്ങൾ, തനത് വർഷം ഭൂമി മെച്ചപ്പെടുത്തുന്നതിനുള്ള ചെലവ് തുടങ്ങിയവയെ സംബന്ധിച്ച വിവരങ്ങളാണ് ഈ ബ്ലോക്കിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. യന്ത്രങ്ങൾ, കാർഷികോപകരണങ്ങൾ, മൃഗങ്ങൾ എന്നിവയുടെ എണ്ണം, മുൻ കാർഷിക വർഷത്തിലെ മതിപ്പുവില, തൻ കാർഷിക വർഷത്തിലെ മതിപ്പുവില (കാലപ്പഴക്കം, തേയ്മാനം എന്നിവ കിഴിച്ചിട്ടുള്ള വില), തൻവർഷം അറ്റകുറ്റപ്പണിക്കും സംരക്ഷണത്തിനുമുള്ള ചെലവ്(മൃഗങ്ങൾ ഒഴികെ) എന്നിവ കൃത്യമായി ശേഖരിച്ച് അതത് കോളങ്ങളിൽ രേഖപ്പെടുത്തേണ്ടതാണ്. 'ജലസേചന സൗകര്യങ്ങൾ', 'സംഭരണ സൗകര്യങ്ങൾ', 'തനത് വർഷം ഭൂമി മെച്ചപ്പെടുത്തുന്നതിന്' എന്നീ സബ് ബ്ലോക്കുകളിൽ അവയുടെ എണ്ണം, ഇപ്പോഴത്തെ മതിപ്പുവില (ഈ കാർഷിക വർഷമോ തൊട്ടു മുൻപത്തെ കാർഷിക വർഷമോ നിർമിക്കാൻ ആവശ്യമായ ചെലവ്), തൻവർഷം അറ്റകുറ്റപ്പണിക്കും സംരക്ഷണത്തിനുമുള്ള ചെലവ് എന്നിവ രേഖപ്പെടുത്തുക. സബ് ബ്ലോക്ക് **6** ൽ ക്രമ നമ്പർ **1** ൽ ഉൾപ്പെടാത്ത 'വരമ്പുകളും മതിലുകളും' ഉണ്ടെങ്കിൽ അവ ഇപ്പോൾ നിർമിക്കുന്നതിന് ആവശ്യമായ ചെലവും ആയതിന് അറ്റകുറ്റപ്പണികൾ നടത്തിയിട്ടുണ്ടെങ്കിൽ അതിന്റെ ചെലവും ക്രമ നമ്പർ **2** ൽ രേഖപ്പെടുത്തേണ്ടതാണ്. കർഷകർ ഗ്രൂപ്പ് ആയി വാങ്ങിയിട്ടുള്ള യന്ത്രങ്ങൾ, കാർഷികോപകരണങ്ങൾ, മൃഗങ്ങൾ തുടങ്ങിയവ വ്യത്യസ്തങ്ങളായ കൃഷിഭൂമിയിൽ ഉപയോഗിക്കുന്നതാണെങ്കിൽ അവയുടെ ഉപയോഗത്തിന് ആനുപാതികമായ വിലയാണ് രേഖപ്പെടുത്തേണ്ടത്. സബ്സിഡിയായി ലഭിച്ച ഉപകരണങ്ങളുടേയും യന്ത്രങ്ങളുടേയും മാർക്കറ്റ് റേറ്റ് ഈ ബ്ലോക്കിൽ രേഖപ്പെടുത്തിയ ശേഷം പ്രസ്തുത ഇനങ്ങളുടെ സബ്സിഡി സംബന്ധിച്ച വിവരങ്ങൾ

ബ്ലോക്ക് **9** (സബ്സിഡി– കോഡ്: ഉപകരണങ്ങൾ–**4**,യന്ത്രങ്ങൾ–**5**) ൽ രേഖപ്പെടുത്തേണ്ടതുമാണ്. ഈ ബ്ലോക്കിൽ വ്യത്യസ്ത വിലകളുള്ള ഒരേ ഇനങ്ങൾ കൃഷിയ്ക്കായി ഉപയോഗിക്കുന്ന സാഹചര്യത്തിൽ (ഉദാ: സ്പ്രേയർ പോലുള്ളവ) പ്രസ്തുത ഇനം ഒരു പ്രാവശ്യം രേഖപ്പെടുത്തി ഓരോ കോളത്തിലും എണ്ണം, വാങ്ങിയ വില, ഇപ്പോഴത്തെ മതിപ്പുവില, തൻവർഷം അറ്റകുറ്റപ്പണിക്കും സംരക്ഷണത്തിനുമുള്ള ചെലവ് എന്നീ വിവരങ്ങൾ ഒരുമിച്ച് രേഖപ്പെടുത്തുക.

സബ്സിഡി

ബ്ലോക്ക് **3,4,5 &7** എന്നിവയിൽ ഏതെങ്കിലും ഇനത്തിന് സബ്സിഡി ലഭിച്ചാൽ അവയുടെ വില വിവരങ്ങൾ(മാർക്കറ്റ് റേറ്റ്) അതത് ബ്ലോക്കിൽ രേഖപ്പെടുത്തിയ ശേഷം പ്രസ്തുത ഇനങ്ങളുടെ സബ്സിഡി സംബന്ധിച്ച വിവരങ്ങൾ ബ്ലോക്ക് **9** (സബ്സിഡി– കോഡ്: വിത്ത്–**1**, വളം–**2**, കൂലിപ്പണി (തൊഴിലുറപ്പ് പോലുള്ളവ)–**3**, ഉപകരണങ്ങൾ–**4**, യന്ത്രങ്ങൾ–**5**,വൈദ്യുതി–**6,** ഉത്പാദന ബോണസ്–**7,** കൃഷി സംരക്ഷണം–**8,** പലിശ–**9**) ൽ രേഖപ്പെടുത്തേണ്ടതുമാണ്.

ബ്ലോക്ക് 4

ഗാർഹിക അംഗങ്ങളുടേയും കൂലിയ്ക്ക് കൃഷിപ്പണിയെടുത്തവരുടേയും ആകെ എണ്ണം, ജോലിചെയ്ത സമയം(മണിക്കൂറിൽ), കൂലിനിരക്ക്, ആകെ കൂലി എന്നിവയാണ് ഈ ബ്ലോക്കിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഇവ ഓരോന്നും പുരുഷൻ, സ്ത്രീ, ട്രാൻസ് ജെൻഡർ, മൃഗങ്ങൾ, യന്ത്രങ്ങൾ എന്നിങ്ങനെ തരം തിരിച്ച് രേഖപ്പെടുത്തേണ്ടതാണ്. ഗാർഹികം, കൂലിപ്പണി എന്നീ സബ് ബ്ലോക്കുകളിൽ തരം (കോഡ്) രേഖപ്പെടുത്തുമ്പോൾ തനത് കൃഷിയിൽ ചെയ്തിട്ടുള്ള എല്ലാ പണികളും കൃത്യമായി കോഡിൽ നിന്നും തിരഞ്ഞെടുത്ത് രേഖപ്പെടുത്തേണ്ടതാണ് (കോഡുകൾ പട്ടിക **11** ൽ ചേർത്തിരിക്കുന്നു). ഓരോ തരത്തിലുള്ള കൃഷിപ്പണികൾക്ക് അനുസൃതമായി ജോലിയിലേർപ്പെട്ട ആകെ പുരുഷന്മാരുടെ എണ്ണം കോളം 2 ലും, ജോലി ചെയ്ത ആകെ സമയം (മണിക്കൂറിൽ) കോളം **3** ലും, ഒരു മണിക്കൂറിൽ ആ ജോലിക്ക് നൽകിയ കൂലി കോളം **4** ലും, ആകെ കൂലി കോളം **5** ലും രേഖപ്പെടുത്തേണ്ടതാണ്. ഇതേപ്രകാരം സ്ത്രീ, ട്രാൻസ് ജെൻഡർ, മൃഗങ്ങൾ, യന്ത്രങ്ങൾ എന്നിവ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ ആയതും പൂരിപ്പിക്കേണ്ടതാണ്. സാധാരണ കൂലിപ്പണിക്ക് നൽകുന്ന തുകയാണ് കൂലിയായി രേഖപ്പെടുത്തേണ്ടതാണ്. കൂലി കണക്കാക്കുമ്പോൾ Cash in kind (കൂലിപ്പണി ചെയ്യുന്ന വ്യക്തിയ്ക്ക് കൂലിയല്ലാതെ ഭക്ഷണമായോ മറ്റു വസ്തുക്കളായോ എന്തെങ്കിലും നൽകുന്നുണ്ടെങ്കിൽ അതിന് ചെലവായ തുക) കൂടി ഉൾപ്പെടുത്തി രേഖപ്പെടുത്തേണ്ടതാണ്. യന്ത്രങ്ങൾ വാടകയ്ക്ക് എടുക്കുകയാണെങ്കിലും സ്വന്തം യന്ത്രം ഉപയോഗിക്കുന്നതാണെങ്കിലും ആയതിന്റെ കൂലി

വിവരങ്ങൾ ഈ ബ്ലോക്കിൽ രേഖപ്പെടുത്തേണ്ടതാണ് (ആവർത്തന ചോദ്യങ്ങളും ഉത്തരങ്ങളും : ചോദ്യം **D.10, D.11, D.12, D13** കാണുക). **തൊഴിലുറപ്പ് പദ്ധതി പ്രകാരം** പ്രസ്തുത കൃഷിയ്ക്ക് വേണ്ടി കൂലിപ്പണി ചെയ്യുന്നുണ്ടെങ്കിൽ ആയതിന്റെ കൂലി സംബന്ധമായ വിവരങ്ങൾ ഈ ബ്ലോക്കിലും അത് ഇനം തിരിച്ച് ബ്ലോക്ക് **9** (സബ്സിഡി–കോഡ് **3**) ൽ രേഖപ്പെടുത്തുക. (ആവർത്തന ചോദ്യങ്ങളും ഉത്തരങ്ങളും : ചോദ്യം **D.14** കാണുക)

പട്ടിക 11

കൂലിപ്പണി	കോഡ്
കിളയ്ക്കൽ	**1**
ഉഴൽ	**2**
വരമ്പ് പണി	**3**
നിലം ഒരുക്കൽ	**4**
തറ ഒരുക്കൽ	**5**
മണ്ണ് തയ്യാറാക്കൽ	**6**
മണ്ണ് കൂട്ടൽ/തടം വെട്ടൽ	**7**
ഭൂമി നിരപ്പാക്കൽ	**8**
പണപിടിയ്ക്കൽ	**9**
മണ്ണ് പരുവപ്പെടുത്തൽ	**10**
ഊന്നു മരം നടീൽ	**11**
മുളക്/വെറ്റില വള്ളി നടീൽ	**12**
ഞാറു നടീൽ	**13**
തൈ /കമ്പ് നടീൽ	**14**
വിത്ത് നടീൽ	**15**
വിത്തു വിതയ്ക്കൽ	**16**
കളപറിയ്ക്കൽ	**17**
ഇടയിളക്കൽ	**18**
തടമെടുക്കൽ	**19**
വളം ചെയ്യൽ	**20**
ജലസേചനം	**21**
വെള്ളം വറ്റിയ്ക്കൽ	**22**
മുളക്/വെറ്റില വള്ളി ഊന്നു മരത്തിൽ ബന്ധിപ്പിക്കൽ	**23**
പന്തൽ കെട്ടൽ	**24**
വേലികെട്ടൽ	**25**
ഊന്നു കൊടുക്കൽ	**26**
ഊന്നു മരത്തിന്റെ കൊമ്പു മുറിയ്ക്കൽ	**27**
കൃഷി സംരക്ഷിയ്ക്കൽ (കീടനാശിനി പ്രയോഗം മുതലായവ)	**28**
കൊയ്ത്തും മെതിയും	**29**

കൂലിപ്പണി	കോഡ്
വിളവെടുക്കൽ	**30**
മെതിയ്ക്കൽ	**31**
തേങ്ങ പൊതിയ്ക്കൽ	**32**
ഉണക്കൽ	**33**
മേൽനോട്ടം	**34**
പുല്ലുവെട്ടൽ	**35**
യന്ത്രങ്ങൾ പ്രവർത്തിപ്പിക്കുന്നത്	**36**
അടയ്ക്ക പൊളിയ്ക്കൽ	**37**
മറ്റുള്ളവ	**38**

ബ്ലോക്ക് 5

കൃഷിയ്ക്ക് ഉപയോഗിച്ച സാധനങ്ങളുടെ ആകെ അളവും വിലയും ആണ് ഈ ബ്ലോക്കിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. കൃഷിയ്ക്ക് ഉപയോഗിച്ച **വിത്തിനങ്ങൾ/തൈകൾ, വളങ്ങൾ, കൃഷി സംരക്ഷണം** എന്നിവയെക്കുറിച്ചുള്ള വിവരങ്ങൾ ഈ ബ്ലോക്കിൽ രേഖപ്പെടുത്തേണ്ടതാണ്. ഏതൊരു ഇനത്തിനും ഒരു യൂണിറ്റ് വാങ്ങാൻ വേണ്ട ശരാശരി രൂപയാണ് 'വില നിരക്ക്' എന്ന കോളത്തിൽ രേഖപ്പെടുത്തേണ്ടത്. ഓരോ ഇനങ്ങളുടേയും അളവും (യൂണിറ്റനുസരിച്ച്) വിലയും (രൂപയിൽ) 'വീട്ടിൽ ഉള്ളതോ സംഭരിച്ചു വച്ചിട്ടുള്ളതോ', 'വിലയ്ക്ക് വാങ്ങിയത്', 'ആകെ ഉപയോഗിച്ചത്' എന്നീ കോളങ്ങളിൽ രേഖപ്പെടുത്തേണ്ടതാണ്. ഏതെങ്കിലും ഇനം വീട്ടിൽ ഉള്ളതോ സംഭരിച്ചു വച്ചിട്ടുള്ളതോ ആണ് ഉപയോഗിക്കുന്നതെങ്കിൽ ആയതിന്റെ മാർക്കറ്റ് വില രേഖപ്പെടുത്തേണ്ടതാണ്. ഇപ്രകാരം തന്നെ വളങ്ങളിൽ മറ്റു ജൈവവളങ്ങൾ ഏതൊക്കെയാണ് ഉപയോഗിച്ചതെന്ന് വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്. രാസവളങ്ങളായ യൂറിയ, പൊട്ടാഷ്, സ്റ്റെറാമീൽ, ഫാക്ടംഫോസ് മുതലായവ ഉപയോഗിച്ചിട്ടുണ്ടെങ്കിൽ കൃത്യമായി അളവ് സഹിതം വില രേഖപ്പെടുത്തേണ്ടതാണ്. കൂടാതെ കൃഷി സംരക്ഷണത്തിനായി കളനാശിനി, കീടനാശിനി, മുഞ്ഞസംഹാരി, എലിനാശിനി, കുമിൾനാശിനി, ജീവശാസ്ത്രപരമായ നിയന്ത്രണം തുടങ്ങിയവയും മറ്റെന്തെങ്കിലും ഉപയോഗിച്ചിട്ടുണ്ടെങ്കിൽ അവയും രേഖപ്പെടുത്തേണ്ടതാണ്. **പട്ടിക 12 പ്രകാരമുള്ള യൂണിറ്റിൽ തന്നെ വിവരങ്ങൾ രേഖപ്പെടുത്തേണ്ടതാണ്.** കൃഷി ഭവനിൽ നിന്ന് സൗജന്യമായി ലഭിച്ച വിത്ത്, വളം എന്നിവയുടെ മാർക്കറ്റ് റേറ്റ് ഈ ബ്ലോക്കിൽ രേഖപ്പെടുത്തിയ ശേഷം പ്രസ്തുത ഇനത്തിന്റെ സബ്സിഡി സംബന്ധിച്ച വിവരങ്ങൾ ബ്ലോക്ക് **9** (സബ്സിഡി-കോഡ്: വിത്ത്-1, വളം-2) ൽ രേഖപ്പെടുത്തേണ്ടതുമാണ്.

പട്ടിക 12

ക്രമ നം	വിള	ഇനം	യൂണിറ്റ്
1	നെല്ല്	വിത്ത് – അത്യുത്പാദനം, നാടൻ	കിഗ്രാം.
		ഞാർ – അത്യുത്പാദനം, നാടൻ	പിടി
2	തെങ്ങ്	തൈ – അത്യുത്പാദനം ,നാടൻ	എണ്ണം
3	കമുക്	തൈ – അത്യുത്പാദനം ,നാടൻ	എണ്ണം
4	മരച്ചീനി	മരച്ചീനിത്തണ്ട് –അത്യുത്പാദനം, നാടൻ	എണ്ണം
5	ഏത്തവാഴ	വാഴ വിത്ത് – തൈ/അത്യുത്പാദനം, നാടൻ	എണ്ണം
6	മറ്റു വാഴയിനങ്ങൾ	വാഴ വിത്ത്അത്യുത്പാദനം – തൈ/, നാടൻ	എണ്ണം
7	കുരുമുളക്	വേരുപിടിപ്പിച്ച കുരുമുളക് വള്ളി – അത്യുത്പാദനം,നാടൻ	എണ്ണം
8	വെറ്റില	വെറ്റില വള്ളി – അത്യുത്പാദനം, നാടൻ	എണ്ണം
9	ഇഞ്ചി	വിത്ത് – അത്യുത്പാദനം, നാടൻ	കിഗ്രാം.
10	മഞ്ഞൾ	വിത്ത് – അത്യുത്പാദനം, നാടൻ	കിഗ്രാം.
11	പൈനാപ്പിൾ	തൈ – അത്യുത്പാദനം ,നാടൻ	എണ്ണം
12	ഏലം	തൈ – അത്യുത്പാദനം ,നാടൻ	എണ്ണം
13	ചേന	വിത്ത് – അത്യുത്പാദനം, നാടൻ	എണ്ണം
14	കാച്ചിൽ	വിത്ത് – അത്യുത്പാദനം, നാടൻ	എണ്ണം
15	ചേമ്പ്	വിത്ത് – അത്യുത്പാദനം, നാടൻ	എണ്ണം
16	വെളുത്തുള്ളി	വിത്ത് – അത്യുത്പാദനം, നാടൻ	കിഗ്രാം.
17	ബീൻസ്	വിത്ത് – അത്യുത്പാദനം, നാടൻ	കിഗ്രാം.
18	ഉരുളക്കിഴങ്ങ്	വിത്ത് – അത്യുത്പാദനം, നാടൻ	കിഗ്രാം.
19	വള്ളിപ്പയർ	വിത്ത് – അത്യുത്പാദനം, നാടൻ	കിഗ്രാം.
20	പാവൽ	വിത്ത് – അത്യുത്പാദനം, നാടൻ	കിഗ്രാം.
21	കാബേജ്	വിത്ത് – അത്യുത്പാദനം, നാടൻ	കിഗ്രാം.
22	കുമ്പളം	വിത്ത് – അത്യുത്പാദനം, നാടൻ	കിഗ്രാം.
23	കാരറ്റ്	വിത്ത് – അത്യുത്പാദനം, നാടൻ	കിഗ്രാം.
24	വെണ്ട	വിത്ത് – അത്യുത്പാദനം, നാടൻ	കിഗ്രാം.
25	ചീര	വിത്ത് – അത്യുത്പാദനം, നാടൻ	കിഗ്രാം.

ക്രമ നം	വിള	ഇനം	യൂണിറ്റ്
26	വെള്ളരി	വിത്ത് – അത്യുത്പാദനം, നാടൻ	കിഗ്രാം.
27	പടവലം	വിത്ത് – അത്യുത്പാദനം, നാടൻ	കിഗ്രാം.
28	വഴുതന	വിത്ത് – അത്യുത്പാദനം, നാടൻ	കിഗ്രാം.
29	ചുരയ്ക്ക	വിത്ത് – അത്യുത്പാദനം, നാടൻ	കിഗ്രാം.
30	തക്കാളി	വിത്ത് – അത്യുത്പാദനം, നാടൻ	കിഗ്രാം.
31	കോവൽ	കോവൽ വള്ളി/തണ്ട്–അത്യുത്പാദനം, നാടൻ	എണ്ണം
32	മത്തൻ	വിത്ത് – അത്യുത്പാദനം, നാടൻ	കിഗ്രാം.
33	ബീറ്റ്റൂട്ട്	വിത്ത് – അത്യുത്പാദനം, നാടൻ	കിഗ്രാം.
34	വിത പയർ/കൂറ്റിപ്പയർ	വിത്ത് – അത്യുത്പാദനം, നാടൻ	കിഗ്രാം.

ബ്ലോക്ക് 6

കൃഷിഭൂമിയുടെ തൻ വർഷത്തെ ഭൂനികുതി, ജലസേചന സെസ്സ് എന്നിവയാണ് ഈ ബ്ലോക്കിൽ രേഖപ്പെടുത്തേണ്ടത്. പാട്ടഭൂമിയ്ക്ക് കർഷകനാണ് ഈ നികുതികൾ അടയ്ക്കുന്നതെങ്കിൽ മാത്രം ഈ ബ്ലോക്കിൽ അവ രേഖപ്പെടുത്തിയാൽ മതിയാകും. കാലിക വിളകൾ കൃഷി ചെയ്യുമ്പോൾ വാർഷികമായിട്ടാണ് ഈ നികുതികൾ അടയ്ക്കുന്നതെങ്കിൽ അത് പ്രസ്തുത വിള കൃഷി ചെയ്യുന്ന കാലയളവിന് ആനുപാതികമായി രേഖപ്പെടുത്തേണ്ടതാണ്. വ്യത്യസ്ത വിളകൾക്ക് ഒരുമിച്ച് ഈ നികുതികൾ അടയ്ക്കുന്ന സാഹചര്യത്തിൽ വിള കൃഷി ചെയ്ത ഭൂമിയ്ക്ക് ആനുപാതികമായി രേഖപ്പെടുത്തേണ്ടതാണ്.

ബ്ലോക്ക് 7

കൃഷിച്ചെലവുമായി ബന്ധപ്പെട്ട് മറ്റ ബ്ലോക്കുകളിലൊന്നും ഉൾക്കൊള്ളിച്ചിട്ടില്ലാത്ത ചെലവുകളായ മണ്ണ് ക്രമീകരണത്തിനുള്ള ചെലവ്, യന്ത്രങ്ങളുടെ ചെലവ്, മറ്റ് ചെലവുകൾ, കന്നുകാലികളുടെ ചെലവ് തുടങ്ങിയവയാണ് ഈ ബ്ലോക്കിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. സബ് ബ്ലോക്ക് **I** ൽ മണ്ണ് ക്രമീകരണത്തിനായി ഉപയോഗിച്ച ആറ്റുമണൽ, ഉപ്പ്, ഡോളോമൈറ്റ്, കുമ്മായം, PH ബൂസ്റ്റർ/ബഫർ, ഡൈഞ്ച, വളപ്പയർ പോലുള്ളവയുടേയും മറ്റെന്തെങ്കിലുമുണ്ടെങ്കിൽ അവയുടേയും ആകെ അളവും വിലയും (രൂപയിൽ) രേഖപ്പെടുത്തേണ്ടതാണ്. സബ് ബ്ലോക്ക് **II** ൽ കൃഷിയ്ക്കുവേണ്ടി യന്ത്രങ്ങൾ ഉപയോഗിച്ചിട്ടുണ്ടെങ്കിൽ അതിന് ചെലവായ പെട്രോൾ, ഡീസൽ, മണ്ണെണ്ണ മറ്റെന്തെങ്കിലും ചെലവുണ്ടെങ്കിൽ ആയതിന്റെയും അളവും ചെലവായ തുകയും രേഖപ്പെടുത്തുക. സബ് ബ്ലോക്ക് **III** ൽ പ്രസ്തുത കൃഷിയ്ക്ക് ആകെ ഉപയോഗിച്ച വൈദ്യുതിയുടെ അളവും തുകയും രേഖപ്പെടുത്തേണ്ടതാണ്. വൈദ്യുതി സബ്സിഡിയായി

ലഭിച്ചതാണെങ്കിൽ ആയതിന്റെ യഥാർത്ഥ അളവും വിലയും ഈ ബ്ലോക്കിൽ രേഖപ്പെടുത്തിയ ശേഷം പ്രസ്തുത ഇനത്തിന്റെ സബ്സിഡി സംബന്ധിച്ച വിവരങ്ങൾ ബ്ലോക്ക് **9** (സബ്സിഡി കോഡ്–**6**)ൽ രേഖപ്പെടുത്തേണ്ടതാണ്. തനത് വിളയുടെ കൃഷിയ്ക്ക് വേണ്ടി കൃഷിയിടത്ത് താൽക്കാലികമായി നിർമിച്ചിട്ടുള്ള ഷെഡ്ഡുകളുടേയും മറ്റ കെട്ടിടങ്ങളുടേയും അറ്റകുറ്റപ്പണിയുടെ ചെലവ്, പന്തൽ നിർമാണ സാമഗ്രികളുടെ ചെലവ് (താത്കാലികമായി നിർമിച്ചവ), വിള ഇൻഷ്വറൻസ്, ട്രേകൾ വാടകയ്ക്ക് എടുക്കുന്നതിനുള്ള ചെലവ്, കൃഷി സംരക്ഷണത്തിന് വേണ്ടി വേലി കെട്ടാൻ/ ഊന്നു കൊടുക്കാൻ ആവശ്യമായ സാധനങ്ങളുടെ ചെലവ്, സോളാർ ഫെൻസിങിന് വേണ്ടിവന്ന ചെലവ്, മറ്റ് കൃഷി സംരക്ഷണ മാർഗ്ഗങ്ങൾ, ടാർപ്പോളീൻ (വാടകയ്ക്ക് എടുക്കുന്നത് ഉൾപ്പെടെ), ചാക്ക് (വാടകയ്ക്ക് എടുക്കുന്നത് ഉൾപ്പെടെ) എന്നിവയാണ് സബ് ബ്ലോക്ക് **III** ൽ രേഖപ്പെടുത്തേണ്ടത്. കൃഷിഭൂമിയിൽ ജലസേചനവുമായി ബന്ധപ്പെട്ട് ഗവൺമെന്റിലേക്ക് അടയ്ക്കേണ്ടിവരുന്ന ജലസേചന സെസ്സ് ഒഴികെയുള്ള തുക(വാട്ടർ ചാർജ് പോലുള്ളവ) 'ജലസേചനം' എന്ന ഇനത്തിൽ രേഖപ്പെടുത്തേണ്ടതാണ്. കൃഷിച്ചെലവുമായി ബന്ധപ്പെട്ട് ഇൻപുട്ടുകൾ കൊണ്ട് വരുന്നതിനും മറ്റുമായി വരുന്ന ചെലവുകളാണ് **ട്രാൻസ്പോർട്ടേഷൻ ചാർജ്** എന്ന ഇനത്തിൽ രേഖപ്പെടുത്തേണ്ടത് .കന്നുകാലികളുടെ കാലിത്തീറ്റ പോലുള്ള ചെലവ് സബ് ബ്ലോക്ക് **IV** ൽ രേഖപ്പെടുത്തുക.

ബ്ലോക്ക് 7.1

പ്രസ്തുത വിള കൃഷി ചെയ്യുന്നതിന് കൃഷിസ്ഥലം പാട്ടത്തിന് എടുത്തിട്ടുണ്ടെങ്കിൽ ആയതിന് നൽകിയ തുക **'പാട്ടവാടക'** എന്ന ഇനത്തിലും സ്വന്തം കൃഷിയിടമാണെങ്കിൽ/മറ്റുള്ളവയാണെങ്കിൽ ആയത് പാട്ടത്തിന് നൽകിയാൽ (പാട്ടത്തിന് നൽകിയിട്ടുള്ള സമാനമായ സ്ഥലങ്ങൾ സംബന്ധിച്ച പ്രാദേശിക അന്വേഷണം നടത്തേണ്ടതാണ്) ലഭിക്കുന്ന തുക **'തനത് കൃഷിസ്ഥലം പാട്ടത്തിന് നൽകിയാൽ ലഭിക്കുന്ന തുക'** എന്ന ഇനത്തിലും രേഖപ്പെടുത്തേണ്ടതാണ്. ഏതെങ്കിലും ഒരു ഇനമോ (**1 or 2**) അല്ലെങ്കിൽ രണ്ടിനം ഒരുമിച്ചോ നിർബന്ധമായും രേഖപ്പെടുത്തേണ്ടതാണ്. ഒന്നിലധികം വിളകൾക്കോ, അല്ലെങ്കിൽ ഒന്നിലധികം വർഷങ്ങളിലേക്കോ പാട്ടവാടക ഒരുമിച്ചു നൽകുന്ന പക്ഷം യഥാക്രമം പ്രസ്തുത വിളയ്ക്കോ കാലയാളവിനോ ആനുപാതികമായി പാട്ടവാടക വിഭജിച്ചു രേഖപ്പെടുത്തേണ്ടതാണ്.

ബ്ലോക്ക് 7.2

ഉത്പ്പന്നം/ഉപോത്പ്പന്നം വിപണനത്തിനായായി കൊണ്ട് പോകുമ്പോഴുള്ള ചെലവ്, മാർക്കറ്റിൽ അത് വിപണനത്തിനായി സംഭരിക്കുമ്പോൾ എന്തെങ്കിലും ചാർജ് കൊടുക്കേണ്ടി വന്നാൽ അത് എന്നിങ്ങനെ ഉത്പ്പന്നം/ഉപോത്പ്പന്നത്തിന്റെ

വിപണനവുമായി ബന്ധപ്പെട്ട ചാർജാണ് **മാർക്കറ്റിങ് ചാർജ്** എന്ന ഈ ബ്ലോക്കിൽ രേഖപ്പെടുത്തേണ്ടത്. കൂടാതെ ഇവ വിപണനത്തിനായി കൊണ്ട് പോകുന്നതിനുള്ള വണ്ടിക്കൂലി, ചാക്കുകളോ മറ്റോ വാങ്ങേണ്ടി വന്നാൽ അതിന്റെ ചാർജ് തുടങ്ങിയവയെല്ലാം ഈ ബ്ലോക്കിൽ ഉൾപ്പെടുന്നതാണ്.

ബ്ലോക്ക് 8

പ്രസ്തുത വിള കൃഷി ചെയ്തതിലൂടെ കർഷകന് ലഭിച്ച ഉത്പ്പന്നത്തിന്റെയും ഉപോത്പ്പന്നത്തിന്റെയും വിവരങ്ങളാണ് രണ്ട് സബ് ബ്ലോക്കുകളിലായി രേഖപ്പെടുത്തേണ്ടത്. ആദ്യ സബ് ബ്ലോക്കിൽ ഉത്പ്പന്നങ്ങൾ ഇനം തിരിച്ച് രേഖപ്പെടുത്തേണ്ടതും, അവ വിളവെടുത്ത തീയതി, വില നിരക്ക്(രൂപയിൽ), അളവ് (കിലോഗ്രാം/എണ്ണം), അവയ്ക്ക് ലഭിച്ച വില(രൂപയിൽ) എന്നിവയും രേഖപ്പെടുത്തേണ്ടതാണ്. ഇതേ രീതിയിൽ തന്നെ രണ്ടാമത്തെ സബ് ബ്ലോക്കിൽ ഉപോത്പ്പന്നങ്ങളുടേയും വിവരങ്ങൾ രേഖപ്പെടുത്തേണ്ടതാണ്. കർഷകൻ പ്രാഥമിക ഉത്പ്പന്നങ്ങൾക്ക് പകരം സംസ്കരിച്ച ഉത്പ്പന്നങ്ങൾ തയ്യാറാക്കി വിപണനം നടത്തുന്നുണ്ടെങ്കിൽ ആയതിന്റെ വിലവിവരങ്ങൾ ശേഖരിക്കേണ്ടതില്ല. **പട്ടിക 13 പ്രകാരമുള്ള യൂണിറ്റിൽ തന്നെ വിവരങ്ങൾ രേഖപ്പെടുത്തേണ്ടതാണ്.**

പട്ടിക 13

ക്രമ നം.	ഇനം	യൂണിറ്റ്
1	നെല്ല്	കി. ഗ്രാം
2	തേങ്ങ – ഇളയത്, പാകമായത്	എണ്ണം
3	അടയ്ക്ക – ഇളയത്, പാകമായത്	കി. ഗ്രാം
4	അടയ്ക്ക– ഉണങ്ങിയത്	കി. ഗ്രാം
5	മരച്ചീനി	കി. ഗ്രാം
6	ഏത്തവാഴക്കുല	കി. ഗ്രാം
7	മറ്റ് വാഴക്കുല	കി. ഗ്രാം
8	കുരുമുളക് – പച്ച, ഉണങ്ങിയത്	കി. ഗ്രാം
9	വെറ്റില – ഇളയത്,പാകമായത്	എണ്ണം
10	ഇഞ്ചി	കി. ഗ്രാം
11	മഞ്ഞൾ	കി. ഗ്രാം
12	പൈനാപ്പിൾ	കി. ഗ്രാം
13	ഏലം	കി. ഗ്രാം
14	ചേന	കി. ഗ്രാം
15	കാച്ചിൽ	കി. ഗ്രാം
16	ചേമ്പ്	കി. ഗ്രാം
17	വെളുത്തുള്ളി	കി. ഗ്രാം

ക്രമ നം.	ഇനം	യൂണിറ്റ്
18	ബീൻസ്	കി. ഗ്രാം
19	ഉരുളക്കിഴങ്ങ്	കി. ഗ്രാം
20	വള്ളിപ്പയർ	കി. ഗ്രാം
21	പാവൽ	കി. ഗ്രാം
22	കാബേജ്	കി. ഗ്രാം
23	കുമ്പളം	കി. ഗ്രാം
24	കാരറ്റ്	കി. ഗ്രാം
25	വെണ്ട	കി. ഗ്രാം
26	ചീര	കി. ഗ്രാം
27	വെള്ളരി	കി. ഗ്രാം
28	പടവലം	കി. ഗ്രാം
29	വഴുതന	കി. ഗ്രാം
30	ചുരയ്ക്ക	കി. ഗ്രാം
31	തക്കാളി	കി. ഗ്രാം
32	കോവൽ	കി. ഗ്രാം
33	മത്തൻ	കി. ഗ്രാം
34	ബീറ്റ്റൂട്ട്	കി. ഗ്രാം
35	വിത പയർ /കുറ്റിപ്പയർ	കി. ഗ്രാം

ബ്ലോക്ക് 9

തിരഞ്ഞെടുത്ത വിള കൃഷി ചെയ്യുന്നതിലേയ്ക്കായി തൻവർഷം എടുത്ത വായ്പ, ലഭിയ്ക്കാനിടയുള്ളതും ലഭിച്ചിട്ടുള്ളതുമായ സബ്സിഡി എന്നിവ സംബന്ധിച്ച വിവരങ്ങളാണ് ഈ ബ്ലോക്കിൽ രേഖപ്പെടുത്തേണ്ടത്. വിവിധ വിളകൾക്കായി മൊത്തമായി വായ്പ എടുത്തിട്ടുണ്ടെങ്കിൽ തിരഞ്ഞെടുത്ത വിളയുടെ വായ്പ സംബന്ധമായ വിവരങ്ങളാണ് വായ്പ എന്ന സബ് ബ്ലോക്കിൽ രേഖപ്പെടുത്തേണ്ടത്. നിലവിലെ കൃഷിയ്ക്കായി എടുത്ത വായ്പ തുക, പ്രസ്തുത വായ്പയുടെ തരം, തൻ വർഷത്തെ വായ്പ തിരിച്ചടവ് (മുതലും പലിശയും അതത് കോളങ്ങളിൽ വെവ്വേറെ രേഖപ്പെടുത്തുക) പലിശ നിരക്ക്, തിരിച്ചടവ് കാലാവധി (ആകെ മാസങ്ങളുടെ എണ്ണം), വായ്പ ലഭ്യമാക്കിയ ഏജൻസി എന്നിവ കൃത്യമായി രേഖപ്പെടുത്തേണ്ടതാണ്. ഏത് തരം വായ്പയാണെങ്കിലും അത് കൃഷിയുമായി ബന്ധപ്പെട്ട് ഉപയോഗിക്കുയാണെങ്കിൽ മാത്രമേ ഇവിടെ പരിഗണിക്കേണ്ടതുള്ളൂ. നിലവിലെ കൃഷിയ്ക്ക് എടുത്ത വായ്പ കാർഷിക വായ്പയാണെങ്കിൽ കോഡ് **1** ഉം മറ്റ് ഏതുതരം വായ്പയും പ്രസ്തുത കൃഷിയ്ക്കായി ഉപയുക്തമാക്കിയതാണെങ്കിൽ കോഡ് **2** ഉം 'പ്രസ്തുത വായ്പയുടെ തരം' എന്ന കോളത്തിൽ രേഖപ്പെടുത്തേണ്ടതാണ്. നിലവിലെ കൃഷിയ്ക്ക് വായ്പ എടുത്തിട്ടുണ്ടെങ്കിൽ 'വായ്പ ലഭ്യമാക്കിയ ഏജൻസി' എന്ന കോളത്തിൽ വായ്പ ലഭ്യമായത് സർക്കാർ സംവിധാനത്തിൽ (സഹകരണ ബാങ്കുകൾ, പൊതുമേഖല

ബാങ്കുകൾ ഉൾപ്പെടെ) നിന്നാണെങ്കിൽ കോഡ് **1** ഉം സർക്കാർ ഇതര സംവിധാനത്തിൽ(സ്വകാര്യ ബാങ്കുകൾ, മറ്റു ധനകാര്യസ്ഥാപനങ്ങൾ, വ്യക്തികൾ ഉൾപ്പെടെ) നിന്നാണെങ്കിൽ കോഡ് **2** ഉം രേഖപ്പെടുത്തേണ്ടതാണ്. യന്ത്രങ്ങളും മറ്റും പ്രസ്തുത കാർഷിക വർഷം വായ്പ എടുത്ത് വാങ്ങുന്നതാണെങ്കിൽ മാത്രം വിവരങ്ങൾ ഇവിടെ രേഖപ്പെടുത്താവുന്നതാണ്.

സബ്സിഡിയുമായി ബന്ധപ്പെട്ട സബ് ബ്ലോക്കിൽ നിലവിലെ കൃഷിയ്ക്ക് ലഭ്യമായ വിവിധ സബ്സിഡി ഇനങ്ങളായ വിത്ത്**–1,** വളം**–2,** കൂലിപ്പണി(തൊഴിലുറപ്പ് പോലുള്ളവ)**–3,** ഉപകരണങ്ങൾ**–4,** യന്ത്രങ്ങൾ**–5,** വൈദ്യുതി**–6,** ഉത്പാദന ബോണസ്**–7,**കൃഷി സംരക്ഷണം**–8,**പലിശ**–9** എന്നിവ തന്നിരിക്കുന്ന കോഡിൽ നിന്നും തിരഞ്ഞെടുക്കേണ്ടതും പ്രസ്തുത ഇനത്തിന് കർഷകന് ലഭിയ്ക്കാനിടയുള്ളതും ലഭിച്ചിട്ടുള്ളതുമായ സബ്സിഡി തുകയും, സബ്സിഡി ലഭ്യമാക്കിയ ഏജൻസിയുടെ (വായ്പ ലഭ്യമാക്കിയ ഏജൻസിയുടെ അതേ കോഡ് തന്നെ ഉപയോഗിക്കേണ്ടതാണ്) വിവരവും രേഖപ്പെടുത്തേണ്ടതാണ്. ത്രിതല പഞ്ചായത്ത് സ്കീം വഴി ലഭിക്കുന്ന നെല്ലിന്റെ കൂലിച്ചെലവ്, തൊഴിലുറപ്പ് തുടങ്ങിയവ കോഡ്–**3** ൽ ഉൾപ്പെടുത്തേണ്ടത്.

ബ്ലോക്ക് 10

നിലവിലെ കൃഷി സംബന്ധിച്ച കർഷകന്റെ അഭിപ്രായമാണ് ഈ ബ്ലോക്കിൽ രേഖപ്പെടുത്തേണ്ടത്. സർവേയുടെ അവസാന ഘട്ടത്തിലാണ് ഈ ബ്ലോക്ക് പൂരിപ്പിക്കേണ്ടത്. നിലവിലെ കൃഷി ലാഭകരമായിരുന്നു എന്ന അഭിപ്രായമാണ് കർഷകന് ഉള്ളതെങ്കിൽ കോഡ് **1** ഉം നഷ്ടമാണെങ്കിൽ കോഡ് **2** ഉം ലാഭ–നഷ്ടമില്ലാത്ത അവസ്ഥയാണെങ്കിൽ കോഡ് **3** ഉം രേഖപ്പെടുത്തേണ്ടതാണ്. നിലവിലെ കൃഷിയുമായി ബന്ധപ്പെട്ട വെല്ലുവിളികളിൽ ഏറ്റവും പ്രധാനമെന്ന് കർഷകൻ പറയുന്നതിനനുസൃതമായുള്ള കോഡുകളാണ് ഇവിടെ രേഖപ്പെടുത്തേണ്ടത്. പ്രധാന വെല്ലുവിളി തൊഴിലാളികളുടെ ദൗർലഭ്യം ആണെങ്കിൽ കോഡ് **1** ഉം വിപണന സൗകര്യങ്ങളുടെ കുറവ് ആണെങ്കിൽ കോഡ് **2** ഉം കൃഷി ചെലവിലെ വർദ്ധനവ് ആണെങ്കിൽ കോഡ് **3** ഉം കാലാവസ്ഥാ വ്യതിയാനം ആണെങ്കിൽ കോഡ് **4** ഉം സാമ്പത്തിക ബുദ്ധിമുട്ട് ആണെങ്കിൽ കോഡ് **5** ഉം വന്യമൃഗശല്യം ആണെങ്കിൽ കോഡ് **6** ഉം വിപണി പ്രവേശനവും ന്യായമായ വില നിർണയവും ആണെങ്കിൽ കോഡ് **7** ഉം മറ്റുള്ളവ ആണെങ്കിൽ കോഡ് **8** ഉം ബാധകമല്ല എങ്കിൽ കോഡ് **9** ഉം രേഖപ്പെടുത്തേണ്ടതാണ്.

ബ്ലോക്ക് 11

വിവരശേഖരണം സംബന്ധിച്ച് ഇൻവെസ്റ്റിഗേറ്ററുടെ അഭിപ്രായം ആണ് ഈ ബ്ലോക്കിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. വിവരശേഖരണം പൂർത്തിയാക്കിയ ശേഷമാണ്

ഈ ബ്ലോക്ക് പൂരിപ്പിക്കേണ്ടത്. വിവരശേഖരണം നടത്തിയ ഇൻവെസ്റ്റിഗേറ്ററുടെ പേരും ഫോൺ നമ്പറും രേഖപ്പെടുത്തേണ്ടതാണ്. വിവരദാതാവ് പൂർണമായി സഹകരിച്ചിട്ടുണ്ടെങ്കിൽ കോഡ് **1** ഉം ഇല്ലായെങ്കിൽ കോഡ് **2** ഉം രേഖപ്പെടുത്തേണ്ടതാണ്.

ബ്ലോക്ക് 12

പരിശോധന നടത്തിയ സൂപ്പർവൈസറി ഓഫീസറുടെ പേരും ഫോൺ നമ്പറും ഈ ബ്ലോക്കിൽ രേഖപ്പെടുത്തേണ്ടതാണ്. തൻവർഷം നടത്തിയ പരിശോധനകൾ പ്രകാരമുള്ള പൊതു അഭിപ്രായമാണ് അനുയോജ്യമായ കോഡുകൾ (തൃപ്തികരം–**1**, തൃപ്തികരമല്ല–**2**) പ്രകാരം രേഖപ്പെടുത്തേണ്ടത്.

12. സർവേ കലണ്ടർ

പട്ടിക 14

സോൺ സബ്മിഷൻ : ഓരോ താലൂക്കിലേയും തിരഞ്ഞെടുത്ത നാല് സോണുകൾ ഡയറക്ടറേറ്റിലേയ്ക്ക് സമർപ്പിക്കേണ്ട അവസാന തീയതി – **ജൂലൈ 5**

ക്രമ നം.	വിള	സർവേ ആരംഭിക്കേണ്ട തീയതി	ഷെഡ്യൂൾ L ഡയറക്ടറേറ്റിൽ സമർപ്പിക്കേണ്ട അവസാന തീയതി	വിവരശേഖരണം പൂർത്തീകരിക്കേണ്ട തീയതി	ഷെഡ്യൂൾ D ഡയറക്ടറേറ്റിൽ സമർപ്പിക്കേണ്ട അവസാന തീയതി
1	നെല്ല്–വിരിപ്പ്	ജൂലൈ 1	സെപ്റ്റംബർ 30	ഒക്ടോബർ 31	നവംബർ 30
2	നെല്ല്–മുണ്ടകൻ	നവംബർ 1	ജനുവരി 31	ഫെബ്രുവരി 28	മാർച്ച് 31
3	നെല്ല്–പുഞ്ച	മാർച്ച് 1	മേയ് 31	ജൂൺ 30	ജൂലൈ 31
4	തെങ്ങ്	ജൂലൈ 1	ഡിസംബർ 31	ജൂൺ 30	ജൂലൈ 31
5	കമുക്	ജൂലൈ 1	ഡിസംബർ 31	ജൂൺ 30	ജൂലൈ 31
6	മരച്ചീനി	ജൂലൈ 1	ഡിസംബർ 31	ജൂൺ 30	ജൂലൈ 31
7	ഏത്തവാഴ	ജൂലൈ 1	ഡിസംബർ 31	ജൂൺ 30	ജൂലൈ 31
8	മറ്റു വാഴയിനങ്ങൾ	ജൂലൈ 1	ഡിസംബർ 31	ജൂൺ 30	ജൂലൈ 31
9	കുരുമുളക്	ജൂലൈ 1	ഡിസംബർ 31	ജൂൺ 30	ജൂലൈ 31
10	വെറ്റില	ജൂലൈ 1	ഡിസംബർ 31	ജൂൺ 30	ജൂലൈ 31
11	ഇഞ്ചി	ജൂലൈ 1	ഡിസംബർ 31	ജൂൺ 30	ജൂലൈ 31
12	മഞ്ഞൾ	ജൂലൈ 1	ഡിസംബർ 31	ജൂൺ 30	ജൂലൈ 31
13	പൈനാപ്പിൾ	ജൂലൈ 1	ഡിസംബർ 31	ജൂൺ 30	ജൂലൈ 31
14	ഏലം	ജൂലൈ 1	ഡിസംബർ 31	ജൂൺ 30	ജൂലൈ 31

ക്രമ നം:	വിള	സർവേ ആരംഭിക്കേണ്ട തീയതി	ഷെഡ്യൂൾ L ഡയറക്ടറേറ്റിൽ സമർപ്പിക്കേണ്ട അവസാന തീയതി	വിവരശേഖരണം പൂർത്തീകരിക്കേണ്ട തീയതി	ഷെഡ്യൂൾ D ഡയറക്ടറേറ്റിൽ സമർപ്പിക്കേണ്ട അവസാന തീയതി
15	ചേന	ജൂലൈ 1	ഡിസംബർ 31	ജൂൺ 30	ജൂലൈ 31
16	കാച്ചിൽ	ജൂലൈ 1	ഡിസംബർ 31	ജൂൺ 30	ജൂലൈ 31
17	ചേമ്പ്	ജൂലൈ 1	ഡിസംബർ 31	ജൂൺ 30	ജൂലൈ 31
18	വെളുത്തുള്ളി–വിരിപ്പ്	ജൂലൈ 1	സെപ്റ്റംബർ 30	ഒക്ടോബർ 31	നവംബർ 30
19	വെളുത്തുള്ളി–മുണ്ടകൻ	നവംബർ 1	ജനുവരി 31	ഫെബ്രുവരി 28	മാർച്ച് 31
20	വെളുത്തുള്ളി–പുഞ്ച	മാർച്ച് 1	മേയ് 31	ജൂൺ 30	ജൂലൈ 31
21	ബീൻസ്–വിരിപ്പ്	ജൂലൈ 1	സെപ്റ്റംബർ 30	ഒക്ടോബർ 31	നവംബർ 30
22	ബീൻസ്– മുണ്ടകൻ	നവംബർ 1	ജനുവരി 31	ഫെബ്രുവരി 28	മാർച്ച് 31
23	ബീൻസ്–പുഞ്ച	മാർച്ച് 1	മേയ് 31	ജൂൺ 30	ജൂലൈ 31
24	ഉരുളക്കിഴങ്ങ്–വിരിപ്പ്	ജൂലൈ 1	സെപ്റ്റംബർ 30	ഒക്ടോബർ 31	നവംബർ 30
25	ഉരുളക്കിഴങ്ങ് – മുണ്ടകൻ	നവംബർ 1	ജനുവരി 31	ഫെബ്രുവരി 28	മാർച്ച് 31
26	ഉരുളക്കിഴങ്ങ്–പുഞ്ച	മാർച്ച് 1	മേയ് 31	ജൂൺ 30	ജൂലൈ 31
27	വള്ളിപ്പയർ–വിരിപ്പ്	ജൂലൈ 1	സെപ്റ്റംബർ 30	ഒക്ടോബർ 31	നവംബർ 30
28	വള്ളിപ്പയർ–മുണ്ടകൻ	നവംബർ 1	ജനുവരി 31	ഫെബ്രുവരി 28	മാർച്ച് 31
29	വള്ളിപ്പയർ–പുഞ്ച	മാർച്ച് 1	മേയ് 31	ജൂൺ 30	ജൂലൈ 31
30	പാവൽ–വിരിപ്പ്	ജൂലൈ 1	സെപ്റ്റംബർ 30	ഒക്ടോബർ 31	നവംബർ 30
31	പാവൽ–മുണ്ടകൻ	നവംബർ 1	ജനുവരി 31	ഫെബ്രുവരി 28	മാർച്ച് 31
32	പാവൽ–പുഞ്ച	മാർച്ച് 1	മേയ് 31	ജൂൺ 30	ജൂലൈ 31
33	കാബേജ്–വിരിപ്പ്	ജൂലൈ 1	സെപ്റ്റംബർ 30	ഒക്ടോബർ 31	നവംബർ 30
34	കാബേജ്–മുണ്ടകൻ	നവംബർ 1	ജനുവരി 31	ഫെബ്രുവരി 28	മാർച്ച് 31

ക്രമ നം:	വിള	സർവേ ആരംഭിക്കേണ്ട തീയതി	ഷെഡ്യൂൾ L ഡയറക്ടറേറ്റിൽ സമർപ്പിക്കേണ്ട അവസാന തീയതി	വിവരശേഖരണം പൂർത്തീകരിക്കേണ്ട തീയതി	ഷെഡ്യൂൾ D ഡയറക്ടറേറ്റിൽ സമർപ്പിക്കേണ്ട അവസാന തീയതി
35	കാബേജ്- പുഞ്ച	മാർച്ച് 1	മേയ് 31	ജൂൺ 30	ജൂലൈ 31
36	കുമ്പളം-വിരിപ്പ്	ജൂലൈ 1	സെപ്റ്റംബർ 30	ഒക്ടോബർ 31	നവംബർ 30
37	കുമ്പളം-മുണ്ടകൻ	നവംബർ 1	ജനുവരി 31	ഫെബ്രുവരി 28	മാർച്ച് 31
38	കുമ്പളം-പുഞ്ച	മാർച്ച് 1	മേയ് 31	ജൂൺ 30	ജൂലൈ 31
39	കാരറ്റ്-വിരിപ്പ്	ജൂലൈ 1	സെപ്റ്റംബർ 30	ഒക്ടോബർ 31	നവംബർ 30
40	കാരറ്റ്-മുണ്ടകൻ	നവംബർ 1	ജനുവരി 31	ഫെബ്രുവരി 28	മാർച്ച് 31
41	കാരറ്റ്-പുഞ്ച	മാർച്ച് 1	മേയ് 31	ജൂൺ 30	ജൂലൈ 31
42	വെണ്ട-വിരിപ്പ്	ജൂലൈ 1	സെപ്റ്റംബർ 30	ഒക്ടോബർ 31	നവംബർ 30
43	വെണ്ട-മുണ്ടകൻ	നവംബർ 1	ജനുവരി 31	ഫെബ്രുവരി 28	മാർച്ച് 31
44	വെണ്ട-പുഞ്ച	മാർച്ച് 1	മേയ് 31	ജൂൺ 30	ജൂലൈ 31
45	ചീര-വിരിപ്പ്	ജൂലൈ 1	സെപ്റ്റംബർ 30	ഒക്ടോബർ 31	നവംബർ 30
46	ചീര -മുണ്ടകൻ	നവംബർ 1	ജനുവരി 31	ഫെബ്രുവരി 28	മാർച്ച് 31
47	ചീര -പുഞ്ച	മാർച്ച് 1	മേയ് 31	ജൂൺ 30	ജൂലൈ 31
48	വെള്ളരി-വിരിപ്പ്	ജൂലൈ 1	സെപ്റ്റംബർ 30	ഒക്ടോബർ 31	നവംബർ 30
49	വെള്ളരി -മുണ്ടകൻ	നവംബർ 1	ജനുവരി 31	ഫെബ്രുവരി 28	മാർച്ച് 31
50	വെള്ളരി -പുഞ്ച	മാർച്ച് 1	മേയ് 31	ജൂൺ 30	ജൂലൈ 31
51	പടവലം-വിരിപ്പ്	ജൂലൈ 1	സെപ്റ്റംബർ 30	ഒക്ടോബർ 31	നവംബർ 30
52	പടവലം -മുണ്ടകൻ	നവംബർ 1	ജനുവരി 31	ഫെബ്രുവരി 28	മാർച്ച് 31
53	പടവലം-പുഞ്ച	മാർച്ച് 1	മേയ് 31	ജൂൺ 30	ജൂലൈ 31
54	ചുരയ്ക്ക-വിരിപ്പ്	ജൂലൈ 1	സെപ്റ്റംബർ 30	ഒക്ടോബർ 31	നവംബർ 30

ക്രമ നം:	വിള	സർവേ ആരംഭിക്കേണ്ട തീയതി	ഷെഡ്യൂൾ L ഡയറക്ടറേറ്റിൽ സമർപ്പിക്കേണ്ട അവസാന തീയതി	വിവരശേഖരണം പൂർത്തീകരിക്കേണ്ട തീയതി	ഷെഡ്യൂൾ D ഡയറക്ടറേറ്റിൽ സമർപ്പിക്കേണ്ട അവസാന തീയതി
55	ചുരയ്ക്ക–മുണ്ടകൻ	നവംബർ 1	ജനുവരി 31	ഫെബ്രുവരി 28	മാർച്ച് 31
56	ചുരയ്ക്ക–പുഞ്ച	മാർച്ച് 1	മേയ് 31	ജൂൺ 30	ജൂലൈ 31
57	തക്കാളി–വിരിപ്പ്	ജൂലൈ 1	സെപ്റ്റംബർ 30	ഒക്ടോബർ 31	നവംബർ 30
58	തക്കാളി –മുണ്ടകൻ	നവംബർ 1	ജനുവരി 31	ഫെബ്രുവരി 28	മാർച്ച് 31
59	തക്കാളി –പുഞ്ച	മാർച്ച് 1	മേയ് 31	ജൂൺ 30	ജൂലൈ 31
60	കോവൽ–വിരിപ്പ്	ജൂലൈ 1	സെപ്റ്റംബർ 30	ഒക്ടോബർ 31	നവംബർ 30
61	കോവൽ –മുണ്ടകൻ	നവംബർ 1	ജനുവരി 31	ഫെബ്രുവരി 28	മാർച്ച് 31
62	കോവൽ –പുഞ്ച	മാർച്ച് 1	മേയ് 31	ജൂൺ 30	ജൂലൈ 31
63	മത്തൻ–വിരിപ്പ്	ജൂലൈ 1	സെപ്റ്റംബർ 30	ഒക്ടോബർ 31	നവംബർ 30
64	മത്തൻ –മുണ്ടകൻ	നവംബർ 1	ജനുവരി 31	ഫെബ്രുവരി 28	മാർച്ച് 31
65	മത്തൻ –പുഞ്ച	മാർച്ച് 1	മേയ് 31	ജൂൺ 30	ജൂലൈ 31
66	ബീറ്റ്റൂട്ട്–വിരിപ്പ്	ജൂലൈ 1	സെപ്റ്റംബർ 30	ഒക്ടോബർ 31	നവംബർ 30
67	ബീറ്റ്റൂട്ട്–മുണ്ടകൻ	നവംബർ 1	ജനുവരി 31	ഫെബ്രുവരി 28	മാർച്ച് 31
68	ബീറ്റ്റൂട്ട്–പുഞ്ച	മാർച്ച് 1	മേയ് 31	ജൂൺ 30	ജൂലൈ 31
69	വിത പയർ /കുറ്റിപ്പയർ –വിരിപ്പ്	ജൂലൈ 1	സെപ്റ്റംബർ 30	ഒക്ടോബർ 31	നവംബർ 30
70	വിത പയർ /കുറ്റിപ്പയർ –മുണ്ടകൻ	നവംബർ 1	ജനുവരി 31	ഫെബ്രുവരി 28	മാർച്ച് 31
71	വിത പയർ /കുറ്റിപ്പയർ –പുഞ്ച	മാർച്ച് 1	മേയ് 31	ജൂൺ 30	ജൂലൈ 31

Method of Estimation

(a) Concepts of Cost.

Cost incurred for growing the selected crops are classified under, cost 'A', cost 'B1', Cost 'B2', Cost 'C1' & Cost 'C2' .The analysis of the data is made as: **Cost 'A'.**

Cost 'A': All kind of expenses (paid out costs) actually incurred by the cultivators. Includes:

i. Value of Hired human labour

ii. Value of Animal labour

iii. Value of Machine labour

iv. Value of Seed/seedlings

v. Value of Manure (owned and purchased)

vi. Value of Organic Fertilizers

vii. Value of Chemical Fertilisers

viii. Value of insecticides and pesticides

ix. Repair and maintenance charges of implements, machinery and farm buildings

x. Irrigation charges

xi. Depreciation of implements and farm buildings

xii. Land tax and other Cess

xiii. Interest on working capital

xiv. Rent paid for leased in land

xv. Misc. expenses

Cost B1 : Cost A + Interest on value of owned fixed assets (excluding land)
Cost B2 : Cost B1 + Rental value of owned land
Cost C1 : Cost B1 + imputed value of family labour
Cost C2 : Cost B2 + Imputed value of family labour

As per the recommendation by Expert Committee for Agricultural Statistics, instead of taking Fair value of land, the rental value of owned land has been taken for calculating Cost B of each crop as in other states for uniformity in following the procedures for cost of cultivation survey.

(b) Procedure for imputation of values of owned inputs

In the production process, certain inputs from home stocks are used. In order to estimate the cost, the values of input used out of home stock are inputed. The procedures used for the imputation of values of such home stock inputs are:

I	Family labour	Imputed on the basis of average wage rate per work hour of hired labour.
II	Owned and Exchange animal labour	The charges paid per hour for hired animal labour is taken for imputing the value of owned and exchange animal labour.
III	Owned and Exchange machine labour	The hire charges per hour for machine labour has been taken
IV	Implement	Repair and maintenance charges of implements
V	Owned seed	Farm produced (house grown) seed has been imputed at the prices prevalent in the investigator zone concerned at the time of sowing
VI	Farm produced manure	Imputed at the rate prevalent in the zone concerned.
VII	Interest on fixed capital	Interest on the present value of fixed assets such as land, farm, building, implements, machinery, irrigation structure, equipments and livestock (only draught animals) at the rate of 10 % per annum has been calculated.
VIII	Interest on working capital	Interest has been charged at the rate of 10% per annum on the working capital, cash and kind expenses excluding items in respect of which payments are generally made after harvest (i.e. Repair and maintenance charges of implements, machinery and farm buildings, Land tax and other Cess etc) incurred during the period of cultivation
IX	Land rent	Evaluated on the basis of prevailing rates in the village for identical type of land or on the basis of responses obtained from the village farmers, subject to any ceiling on fair rents under the land legislation of the state concerned.
X	Payments in kind	The payments in kind have been evaluated at the market prices prevalent in the locality at the time of payment. Perquisites have been included in the payments in kind calculated at the market prices.

(c) Allocation of costs to different crops

Some of the inputs used for the cultivation of one crop are common for other crops also. For the purpose of computing the cost share of individual crops, the cost of such inputs is apportioned in the following manner.

I	Repair and maintenance charges of implements	In proportion to the area under the crop
II	Interest on fixed capital (excluding land)	In proportion to the area under the crop

(d) Procedure for valuation of farm assets

I	Own farm buildings (cattle sheds, storage shed etc)	prices prevailing in the locality
II	Implements and other machinery	prevalent market prices
III	Livestock	prevalent market prices

ആവർത്തന ചോദ്യങ്ങളും ഉത്തരങ്ങളും

ഷെഡ്യൂൾ L

L.1) കൃഷിച്ചെലവ് സർവേ പരിധിയിൽ ഉൾപ്പെട്ട 34 വിളകളും എല്ലാ താലൂക്കിലും സർവേ ചെയ്യേണ്ടതുണ്ടോ?

ഓരോ താലൂക്കിലേയും വിളസാന്ദ്രത പ്രകാരമുള്ള വിളകൾ മാത്രം സർവേയ്ക്കായി തിരഞ്ഞെടുത്താൽ മതിയാകും. എന്നാൽ ചില പ്രത്യേക സാഹചര്യങ്ങളിൽ സർവേ പരിധിയിൽ വരുന്ന വിളയ്ക്ക് താലൂക്കിലാകമാനം സാന്ദ്രതയില്ലെങ്കിലും മികച്ച കർഷകരെ ലഭ്യമാകുകയാണെങ്കിൽ സർവേയിൽ ഉൾപ്പെടുത്താവുന്നതാണ്.

L.2) ഒരു താലൂക്കിൽ 18 സോണുകൾ ഉണ്ടെങ്കിൽ ആദ്യഘട്ടമായ നാല് സോണുകൾ എപ്രകാരം തിരഞ്ഞെടുക്കാം ?

പ്രസ്തുത താലൂക്കിലെ 18 സോണുകളെ 1 മുതൽ 18 വരെ ക്രമമായി രേഖപ്പെടുത്തിയതിൽ നിന്നും ഓരോ വർഷവും EARASന് ഉപയോഗിക്കുന്ന റാൻഡം കോളം ഉപയോഗിച്ച് ആദ്യത്തെ സോൺ തിരഞ്ഞെടുക്കാം, മറ്റ് 3 സോണുകൾ സർക്കുലാർ സിസ്റ്റമാറ്റിക്ക് സാംപ്ലിങ് ഉപയോഗിച്ച് താഴെ പറയുന്ന മൂന്ന് ഘട്ടങ്ങളായി തിരഞ്ഞെടുക്കാം.

ഘട്ടം 1: ആദ്യത്തെ സോൺ തിരഞ്ഞെടുപ്പ്

ഈ വർഷത്തെ EARAS റാൻഡം കോളം 1 (ഓരോ വർഷവും വ്യത്യസ്തമായിരിക്കും) ഉം റാൻഡം നമ്പറുകൾ താഴെ പറയും വിധം ആണെന്ന് കരുതുക.

2147
0987
2327
4563 etc.

ഇവയിൽ നിന്നും ആകെ സോണുകളുടെ എണ്ണത്തിന് തുല്യമോ കുറവോ ആയി വരുന്ന ആദ്യ റാൻഡം നമ്പറിന് അനുബന്ധമായി വരുന്ന സോൺ ആദ്യ സോണായി തിരഞ്ഞെടുക്കുക . അപ്പോൾ ഇവിടെ തിരഞ്ഞെടുത്ത ആദ്യ സോൺ **" സോൺ 9 "** ആയിരിക്കും.

ഘട്ടം 2: സാംപ്ലിങ് ഇന്റർവെൽ(k) കണ്ടെത്തുക

$$k = \frac{\text{ആകെ സോണുകളുടെ എണ്ണം}}{\text{തിരഞ്ഞെടുക്കേണ്ട സോണുകളുടെ എണ്ണം}} = \frac{18}{4} = 4.5 \approx 5 (\text{normal rounding})$$

ഘട്ടം 3: സർക്കുലാർ സിസ്റ്റമാറ്റിക്ക് സാംപ്ലിങ്

ആദ്യത്തെ സോണിനോടുകൂടി സാംപ്ലിങ് ഇന്റർവെൽ(k=5) കൂട്ടി രണ്ടാമത്തെ സോണും ഇതേ രീതിയിൽ മറ്റ് രണ്ടു സോണുകളും തിരഞ്ഞെടുക്കുക

- ഒന്നാമത്തെ സോൺ = **9**
- രണ്ടാമത്തെ സോൺ = **9+5=14**
- മൂന്നാമത്തെ സോൺ = **14+5= 19 ≈1**
- നാലാമത്തെ സോൺ = **1+5 = 6**

തിരഞ്ഞെടുത്ത സോണുകൾ **9, 14 ,1, 6.**

(സോൺ എടുക്കുമ്പോൾ ആവർത്തനം വന്നാൽ മറ്റൊരു സോണിനെ റാൻഡം കോളം 13(ഓരോ വർഷവും വ്യത്യസ്തമായിരിക്കും) ഉപയോഗിച്ച് കണ്ടെത്തേണ്ടതും മേൽ പറഞ്ഞ രീതിയിൽ സർക്കുലാർ സിസ്റ്റമാറ്റിക് സാംപ്ലിങ് രീതി ഉപയോഗിക്കേണ്ടതുമാണ്.)

L.3) സർവേയ്ക്കായി തിരഞ്ഞെടുത്ത നാല് സോണുകളിലും കർഷകരെ തിരഞ്ഞെടുക്കേണ്ടതുണ്ടോ?

ഒരു വിളയ്ക്ക് ഓരോ താലൂക്കിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട നാല് സോണുകളിൽ നിന്നും മൂന്ന് സൈസ് ക്ലാസുകളിലായി ആകെ 12 കർഷകരെ തിരഞ്ഞെടുത്താൽ മതിയാകും. എന്നാൽ ഒരു സോണിൽ നിന്ന് നിശ്ചിത എണ്ണം കർഷകർക്ക് പ്രാതിനിധ്യം കൊടുക്കണമെന്ന് നിർബന്ധമില്ല.

L.4) ഒരു സോണിൽ നിന്ന് പരമാവധി എത്ര കർഷകരെ തിരഞ്ഞെടുക്കാം?

ഓരോ സോണിൽ നിന്നും തിരഞ്ഞെടുക്കാവുന്ന കർഷകരുടെ എണ്ണത്തിന് പരിധി നിശ്ചയിച്ചിട്ടില്ല. പക്ഷെ ഒരു വിളയ്ക്ക ആകെ 12 കർഷകരെ തിരഞ്ഞെടുത്താൽ മതിയാകും.

L.5) ഷെഡ്യൂൾ L ൽ ഒരു വിളയ്ക്ക് ആകെ എത്ര കർഷകരെ ഉൾപ്പെടുത്താം?

സർവേ ഫ്രെയിമിൽ ഉൾപ്പെട്ട ഏഴ് സോഴ്സുകളിൽ നിന്ന് ക്രമമനുസരിച്ച് ഓരോ സൈസ് ക്ലാസിലെയും ലഭ്യതയ്ക്ക് അനുസരിച്ച് പരമാവധി 8 കർഷകരെ വീതം ഉൾപ്പെടുത്തിയാൽ മതിയാകും. അങ്ങനെ മൂന്ന് സൈസ് ക്ലാസുകളിലായി പരമാവധി 24 കർഷകരെ ലിസ്റ്റ് ചെയ്താൽ മതിയാകും.

L.6) കർഷകരെ സർവേയ്ക്കായി എപ്രകാരം തിരഞ്ഞെടുക്കാം?

താലൂക്കുകളിൽ നിന്നും തിരഞ്ഞെടുത്ത നാല് സോണുകളിൽ നിന്ന് മൂന്ന് സൈസ് ക്ലാസുകളിലായി ആകെ 12 കർഷകരെ തിരഞ്ഞെടുക്കണം. ഇപ്രകാരം കർഷകരെ ലഭിച്ചില്ലെങ്കിൽ, ആ താലൂക്കിലെ EARAS സോൺ ലിസ്റ്റ് പ്രകാരം ക്രമമായി ഓരോ **റിസർവ് സോണും (താലൂക്കുകളിൽ നിന്നും തിരഞ്ഞെടുത്ത 4 സോണുകൾ ഒഴികെയുള്ള സോണുകൾ)** പരിശോധിച്ച് കർഷകരുടെ എണ്ണം കുറവുള്ള സൈസ് ക്ലാസിലേക്ക് കർഷകരെ ലഭ്യമാണെങ്കിൽ പർപ്പസീവായി തിരഞ്ഞെടുക്കേണ്ടതാണ്. ഇപ്രകാരവും 12 കർഷകരെ ലഭിക്കാത്ത പക്ഷം ആദ്യം റാൻഡമായി തിരഞ്ഞെടുക്കപ്പെട്ട നാല് സോണുകളിലെ മറ്റ് സൈസ് ക്ലാസുകളിൽ നിന്ന് മുൻഗണനാ ക്രമപ്രകാരം അപര്യാപ്തത പരിഹരിക്കുന്നതിനുള്ള (**നിർദ്ദേശപുസ്തകം പട്ടിക 6,പേജ് 10**) നടപടി സ്വീകരിച്ചാൽ മതിയാകും. കർഷകരെ തിരഞ്ഞെടുക്കുന്ന 3 ഘട്ടങ്ങൾ ഉദാഹരണ സഹിതം ചുവടെ ചേർക്കുന്നു.

ഘട്ടം 1: റാൻഡം സെലക്ഷൻ

ഓരോ സൈസ് ക്ലാസിലും ആവശ്യമായ കർഷകരുടെ രണ്ട് മടങ്ങ് എണ്ണം (ലഭ്യമായ കർഷകരുടെ എണ്ണം അനുസരിച്ച് പരമാവധി 8 കർഷകർ വരെ) ലിസ്റ്റ് ചെയ്യാവുന്നതാണ്. ഓരോ സൈസ് ക്ലാസിലും ഇപ്രകാരം ലിസ്റ്റ് ചെയ്യപ്പെട്ടിട്ടുള്ള എട്ട് കർഷകരിൽ നിന്നും നാല് വീതം കർഷകരെ പ്രസ്തുത വിളയുടെ റാൻഡം കോളത്തിൽ നിന്നും സിമ്പിൾ റാൻഡം സാംപ്ലിങ് ഉപയോഗിച്ച് തിരഞ്ഞെടുക്കേണ്ടതാണ്.

ഉദാ 1:

സൈസ് ക്ലാസ് I	സൈസ് ക്ലാസ് II	സൈസ് ക്ലാസ് III
1	1	1
2	2	2
3	3	3
4	4	4
5	5	
6	6	
7		
8		

സൈസ് ക്ലാസ് **I** :- 8 കർഷകരിൽ നിന്നും 4 കർഷകരെ തിരഞ്ഞെടുത്തിരിക്കുന്നു.

സൈസ് ക്ലാസ് **II**:- 6 കർഷകരിൽ നിന്നും 4 കർഷകരെ തിരഞ്ഞെടുത്തിരിക്കുന്നു.

സൈസ് ക്ലാസ് **III**:-4 കർഷകർ മാത്രം ഉള്ളതിനാൽ 4 കർഷകരേയും തിരഞ്ഞെടുത്തിരിക്കുന്നു.

ഘട്ടം 2: പർപ്പസ്സീവ് സെലക്ഷൻ

മേൽ പറഞ്ഞ പ്രകാരം താലൂക്കിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട നാല് സോണുകളിൽ നിന്ന് മൂന്ന് സൈസ് ക്ലാസുകളിലായി 12 കർഷകരെ ലഭിച്ചില്ലെങ്കിൽ, ആ താലൂക്കിലെ EARAS സോൺ ലിസ്റ്റ് പ്രകാരം ക്രമമായി ഓരോ റിസർവ് സോണും (താലൂക്കുകളിൽ നിന്നും തിരഞ്ഞെടുത്ത 4 സോണുകൾ ഒഴികെയുള്ള സോണുകൾ) പരിശോധിച്ച് കർഷകരുടെ എണ്ണം കുറവുള്ള സൈസ് ക്ലാസിലേക്ക് കർഷകരെ ലഭ്യമാണെങ്കിൽ പർപ്പസീവായി തിരഞ്ഞെടുക്കേണ്ടതാണ്.

ഉദാ:2

സൈസ് ക്ലാസ് I	സൈസ് ക്ലാസ് II	സൈസ് ക്ലാസ് III
1	1	P1
2	2	P2
3	P1	P3
4	P2	P4
5		
6		
7		
8		

P1, P2, P3, P4 പർപ്പസീവ് ആയി തിരഞ്ഞെടുത്ത കർഷകർ ആണ്.

ഘട്ടം 3: സബ്സ്റ്റിറ്റ്യൂഷൻ

ഇത്തരത്തിൽ ആ താലൂക്കിലെ റിസർവ് സോണുകളിൽ നിന്നും Small/Medium/Large എന്നിങ്ങനെ മൂന്നായി തിരിച്ച സൈസ് ക്ലാസുകളിൽ ഏതെങ്കിലും സൈസ് ക്ലാസിൽ കർഷകരുടെ എണ്ണം അപര്യാപ്തമാകുന്ന പക്ഷം ആദ്യം തിരഞ്ഞെടുത്ത 4 സോണുകളിലെ മറ്റ് സൈസ് ക്ലാസുകളിൽ നിന്ന് അപര്യാപ്തത

പരിഹരിക്കുന്നതിനുള്ള മുൻഗണന ക്രമപ്രകാരം (**നിർദ്ദേശ പുസ്തകം** പട്ടിക 6) ആവശ്യമുള്ള എണ്ണം കർഷകരെ തിരഞ്ഞെടുക്കാവുന്നതാണ്.

ഉദാ:3

സൈസ് ക്ലാസ് I	സൈസ് ക്ലാസ് II	സൈസ് ക്ലാസ് III
1	1	S1
2	2	
3	P1	S2
4	P2	
5		S3
6		
7		S4
8		

മൂന്നാമത്തെ സൈസ് ക്ലാസിൽ റാൻഡം ആയും പർപ്പസീവ് ആയും കർഷകരെ ലഭിക്കാത്ത പക്ഷം **ഒന്നാമത്തെ സൈസ് ക്ലാസിൽ നിന്നും** കർഷകരെ തിരഞ്ഞെടുത്തിരിക്കുന്നു

L.7) മൂന്ന് ഘട്ടങ്ങൾക്ക് ശേഷവും സർവേയ്ക്കായി ഫ്രെയിമിൽ 12 കർഷകരെ മാത്രം അല്ലെങ്കിൽ 12 കർഷകരിൽ കുറവ് ലഭിച്ചാൽ എത്ര പേരെ സർവേയ്ക്കായി തിരഞ്ഞെടുക്കാം?

മൂന്ന് ഘട്ടങ്ങൾക്ക് ശേഷവും സർവേയ്ക്കായി ഫ്രെയിമിൽ 12 കർഷകരെ മാത്രം അല്ലെങ്കിൽ 12 കർഷകരിൽ കുറവ് ലഭിച്ചാൽ അത്രയും പേരെയും സർവേയ്ക്കായി തിരഞ്ഞെടുക്കേണ്ടതാണ്. 12 ൽ കൂടുതൽ കർഷകർ ഉണ്ടെങ്കിൽ (പരമാവധി 24 പേർ വരെ) അതിൽ നിന്നും 12 പേരെ വിവിധ ഘട്ടങ്ങളിലായി തിരഞ്ഞെടുക്കേണ്ടതാണ്.

L.8) ഓരോ സൈസ് ക്ലാസിൽ (small, medium, large) നിന്നും കർഷകരെ തിരഞ്ഞെടുക്കുമ്പോൾ, ഓരോ സൈസ് ക്ലാസിലും fresh random ആണോ ഉപയോഗിക്കേണ്ടത്?

ഫ്രഷ് റാൻഡം ഉപയോഗിക്കേണ്ടതില്ല. Continuous റാൻഡം ഉപയോഗിച്ചാൽ മതിയാകും. ഈ തിരഞ്ഞെടുക്കൽ പ്രക്രിയ സോഫ്റ്റ് വെയറിൽ auto generate ആകുന്ന രീതിയിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

L.9) ഒരു കർഷകൻ ഒന്നിൽ കൂടുതൽ വിളകൾ കൃഷി ചെയ്യുന്നുണ്ടെങ്കിൽ ആ കർഷകനെ മറ്റ് വിളകൾക്കായി തിരഞ്ഞെടുക്കാമോ? തിരഞ്ഞെടുക്കുമ്പോൾ ഡാറ്റാ എൻട്രി നടത്തേണ്ട വിധം?

ഒരു വിളയ്ക്ക് തിരഞ്ഞെടുക്കപ്പെട്ടിട്ടുള്ള കർഷകൻ മറ്റ് വിളകൾ കൂടി കൃഷിചെയ്യുന്നുണ്ടെങ്കിൽ പ്രസ്തുത കർഷകനെ ഈ വിളകൾക്ക് കൂടി പർപ്പസീവായി തിരഞ്ഞെടുക്കാവുന്നതാണ്. എന്നാൽ പ്രസ്തുത കർഷകരിൽ നിന്നും എല്ലാ വിളകളുടേയും വിവരങ്ങൾ തരം തിരിച്ച് ലഭ്യമായാൽ മാത്രമേ സർവേ ഫലപ്രദമാകുകയുള്ളൂ എന്ന കാര്യം കൂടി ശ്രദ്ധിക്കേണ്ടതാണ്. പർപ്പസീവായി തിരഞ്ഞെടുത്ത കർഷകനെ ഉൾപ്പെടുത്തേണ്ട സൈസ് ക്ലാസിൽ പ്രസ്തുത കർഷകൻ മൂന്ന് ഘട്ടങ്ങൾക്ക് ശേഷവും ഉൾപ്പെട്ടിട്ടില്ലെങ്കിൽ തിരഞ്ഞെടുക്കപ്പെട്ട ഏതെങ്കിലും ഒരു കർഷകന്റെ വിവരങ്ങൾ എഡിറ്റ് ചെയ്ത്, പ്രസ്തുത സ്ഥാനത്ത് ഉൾപ്പെടുത്തേണ്ട കർഷകന്റെ വിവരങ്ങൾ കൊടുക്കാവുന്നതാണ്.

L.10) ഒരു കൃഷിഭൂമിയിൽ ഒരു കർഷകൻ ഒന്നിൽകൂടുതൽ വിളകൾ കൃഷി ചെയ്യുകയും പ്രസ്തുത വിളകൾ സർവേയ്ക്കായി തിരഞ്ഞെടുക്കുകയും ചെയ്താൽ വിളകളെ തിരഞ്ഞെടുക്കുമ്പോൾ ഓരോ വിളയ്ക്കും എത്ര സെന്റ് വീതം രേഖപ്പെടുത്തണം?

പ്രസ്തുത കൃഷിഭൂമിയിൽ ഓരോ വിളകളും കൃഷി ചെയ്യുന്ന ഏരിയ പരിഗണിച്ച് (Gross area concept) ഓരോ വിളയുടേയും കൃഷി ഭൂമിയുടെ വിസ്തൃതി രേഖപ്പെടുത്തേണ്ടതാണ്.

L.11) ചേമ്പ് , ചേന, കാച്ചിൽ എന്നിവയുടെ വിവര ശേഖരണം എപ്രകാരം നടത്താം?

ചേമ്പ്, ചേന, കാച്ചിൽ എന്നിവ വാർഷിക വിളകളായി പരിഗണിച്ച് ഒരു മാസത്തിലൊരിക്കൽ അവയുടെ വിവരശേഖരണം നടത്തേണ്ടതാണ്.

L.12) ഒരു വിളയ്ക്കായി നാല് സോണുകൾ തിരഞ്ഞെടുക്കുമ്പോൾ കഴിഞ്ഞ വർഷം തിരഞ്ഞെടുത്ത ഇൻവെസ്റ്റിഗേറ്റർ സോൺ/ സോണുകൾ വരികയാണെങ്കിൽ അവ ഒഴിവാക്കേണ്ടതുണ്ടോ?

അവ ഒഴിവാക്കേണ്ടതില്ല.

L.13) മുൻ വർഷങ്ങളിൽ തിരഞ്ഞെടുത്തിട്ടുള്ള കർഷകരെ ഈ വർഷവും സർവേയ്ക്കായി പരിഗണിക്കാമോ?

പരിഗണിക്കാവുന്നതാണ്.

L.14) ലിസ്റ്റിംഗ് ഷെഡ്യൂൾ സമർപ്പിച്ച ശേഷം ചില കർഷകർ പ്രസ്തുത വിള കൃഷിചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ അവരെ സർവേയിൽ ഉൾപ്പെടുത്തേണ്ടതുണ്ടോ?

പ്രസ്തുത വിളയ്ക്ക് കർഷകരുടെ എണ്ണത്തിൽ അപര്യാപ്തത ഉള്ള പക്ഷം സർവേയിൽ ഉൾപ്പെടുത്താൻ യോഗ്യത ഉള്ള കർഷകർ പ്രസ്തുത വിള കൃഷി ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ ഡയറക്ടറേറ്റിൽ അറിയിച്ച ശേഷം ആ കർഷകരെ ഷെഡ്യൂൾ L ൽ ഉൾപ്പെടുത്തി സർവേ ചെയ്യാവുന്നതാണ്.

L.15) കോവൽ, വഴുതന പോലെയുള്ള വിളകളുടെ വിളവെടുപ്പ് 6 മാസത്തിനു മുകളിൽ വരാറുണ്ട്. അപ്പോൾ ആ കർഷകരെ എത്ര സീസണിൽ ഉൾപ്പെടുത്താം?

കോവൽ, വഴുതന പോലുള്ള ചില വിളകൾ കാലിക വിളകളായി ആയി പരിഗണിക്കുന്നുണ്ടെങ്കിലും പ്രായോഗികമായി അവ ഒന്നിലധികം സീസണുകൾ (ചിലപ്പോൾ ഒരു വർഷത്തോളം) നിലനിന്ന് പോരുന്ന അവസ്ഥ ഉണ്ട്. എന്നാൽ ആദ്യ സീസൺ കഴിഞ്ഞ് ഇവയെ പുതുതായി വീണ്ടും സർവേയിൽ ഉൾപ്പെടുത്തുമ്പോൾ ചെലവ് ഗണ്യമായി കുറയുകയും വിളവെടുപ്പ് മാത്രം ഉണ്ടാകുകയും ചെയ്യും. ഇത് മൊത്തത്തിൽ കൃഷിച്ചെലവ് estimation നെ ബാധിക്കും. അത് കൊണ്ട് തന്നെ ഇപ്പോൾ അവ കൃഷി ആരംഭിക്കുന്ന മാസം ഉൾപ്പെടുന്ന സീസണിൽ മാത്രം അവയെ ഉൾപ്പെടുത്തുകയും, സീസൺ കഴിഞ്ഞു വരുന്ന ഉത്പാദനവും ആയതിന്റെ ചെലവും ഉൾപ്പെടുത്തി സർവേയുടെ സമയ പരിധിയിൽ നിന്ന് കൊണ്ട് സർവേ പൂർത്തീകരണം നടത്തേണ്ടതുമാണ്.

ഷെഡ്യൂൾ D

D.1) ഔപചാരിക വിദ്യാഭ്യാസം ഇല്ലാതെ എഴുത്തും വായനയും അറിയാവുന്ന കർഷകന് ഏത് കോഡ് ആണ് നൽകേണ്ടത്?

ഔപചാരിക വിദ്യാഭ്യാസം ഇല്ലാതെ ഏതെങ്കിലും ഒരു ഭാഷയിൽ ലളിതമായ ഒരു സന്ദേശം മനസ്സിലാക്കിക്കൊണ്ട് വായിക്കാനും എഴുതാനും കഴിയുന്ന ഏതൊരു വ്യക്തിയെയും സാക്ഷരനായി കണക്കാക്കി 'പത്താം തരം വരെ'-കോഡ് 2 കൊടുക്കാവുന്നതാണ്. ഇതിന് കഴിയാത്തവരെ നിരക്ഷരരായികണക്കാക്കുകയും അവർക്ക് കോഡ്-1 നൽകുകയും ചെയ്യാം. ഔപചാരികമല്ലാത്ത വിദ്യാഭ്യാസ കോഴ്സുകൾ (NFEC) വഴിയോ, മുതിർന്നവരുടെ വിദ്യാഭ്യാസ കേന്ദ്രങ്ങൾ (AEC) വഴിയോ, അല്ലെങ്കിൽ വിദ്യാഭ്യാസ ഗ്യാരന്റി സ്കീം (EGS) പ്രകാരം ആരംഭിച്ച പ്രൈമറി സ്കൂളുകളിൽ പഠിച്ചോ, സമ്പൂർണ്ണ സാക്ഷരതാ യജ്ഞം (TLC) വഴിയോ അല്ലെങ്കിൽ ഔപചാരികമായ സ്കൂൾ വിദ്യാഭ്യാസമില്ലാതെയോ സാക്ഷരത കൈവരിച്ചവർക്ക് കോഡ് 2 രേഖപ്പെടുത്തേണ്ടതാണ്.

D.2) ഒരു കർഷകൻ തന്റെ കൃഷിരീതിയിൽ ആധുനിക കൃഷി രീതിയിലെ ഏതെങ്കിലും കുറച്ച് കാര്യങ്ങൾ (ആധുനിക യന്ത്രങ്ങൾ, ഉപകരണങ്ങൾ തുടങ്ങിയവ) മാത്രമാണ് ഉപയോഗിക്കുന്നതെങ്കിൽ എപ്രകാരമാണ് അവ രേഖപ്പെടുത്തേണ്ടത്?

ഒരു കർഷകൻ തന്റെ കൃഷിരീതി യിൽ ആധുനിക കൃഷി രീതിയിലെ ഏതെങ്കിലും കുറച്ച് കാര്യങ്ങൾ (ആധുനിക യന്ത്രങ്ങൾ, ഉപകരണങ്ങൾ തുടങ്ങിയവ) മാത്രമാണ് ഉപയോഗിക്കുന്നതെങ്കിൽ കൃഷിരീതിയിൽ ആധുനികം എന്ന് രേഖപ്പെടുത്താൻ പാടുള്ളതല്ല. പൂർണമായും ആധുനിക യന്ത്രങ്ങൾ, ആധുനിക രീതികൾ ഉപയോഗിക്കുകയാണെങ്കിൽ മാത്രമെ അയാളുടെ കൃഷി സമ്പ്രദായം ആധുനികം ആകുകയുള്ളു. അല്ലാത്തപക്ഷം ആധുനികം & പരമ്പരാഗതം എന്ന കോഡ് രേഖപ്പെടുത്തേണ്ടത്.

D.3) യൂട്യൂബ് പോലുള്ള സാമൂഹിക മാധ്യമങ്ങൾ വഴി ലഭിച്ച കൃഷി സംബന്ധിച്ച പരിശീലനം എവിടെയാണ് ഉൾപ്പെടുത്തേണ്ടത് ?

ബ്ലോക്ക് 2 ഇനം **VI** കൃഷി സംബന്ധമായി ലഭിച്ച പരിശീലനത്തിൽ കോഡ് 3 (സ്വന്തമായി) എന്നതിൽ ഉൾപ്പെടുത്തുക.

D.4) ജലസേചനത്തിന് വേണ്ടി വലിയ തോടുകളിൽ നിന്ന് വെള്ളം കൊണ്ടുവരുന്നതിനായി Pipe ഉപയോഗിക്കുന്നുണ്ട്. ആയത് ജലസേചനത്തിൽ ഏത് വിഭാഗത്തിൽ ചേർക്കണം?

ഇതൊരു ഫിക്സഡ് അസറ്റ് രീതിയിലുള്ളതാണെങ്കിൽ ഷെഡ്യൂൾ D യിൽ മൂന്നാമത്തെ ബ്ലോക്കിൽ സബ്ബ്ലോക്ക് 4 ൽ ലിഫ്റ്റ് ഇറിഗേഷനിൽ (ഇനം 6) ഉൾപ്പെടുത്തേണ്ടതാണ്.

D.5) ഡ്രിപ് ഇറിഗേഷൻ സിസ്റ്റം രേഖപ്പെടുത്തേണ്ട വിധം?

ഡ്രിപ് ഇറിഗേഷൻ സിസ്റ്റം തുടർച്ചയായ കാർഷിക വർഷങ്ങളിൽ ഉപയോഗിക്കാവുന്നതിനാൽ തന്നെ ബ്ലോക്ക് 3 സബ് ബ്ലോക്ക് 4 ജലസേചന സൗകര്യങ്ങളിൽ രേഖപ്പെടുത്തേണ്ടതാണ്. ഒരു ഡ്രിപ് ഇറിഗേഷൻ സിസ്റ്റം ആണ് ഉള്ളതെങ്കിൽ 'എണ്ണം' എന്ന കോളത്തിൽ **'1'** എന്ന് രേഖപ്പെടുത്തുക, ആയതിന്റെ ചെലവ് ഇപ്പോഴത്തെ 'മതിപ്പ് വില' എന്ന കോളത്തിൽ രേഖപ്പെടുത്തുക (ഈ കാർഷിക വർഷമോ അതിന്റെ തൊട്ടു മുൻപുള്ള കാർഷിക വർഷമോ ആണ് അത് സെറ്റ് ചെയ്തതെങ്കിൽ അതിന്റെ മുഴുവൻ ചെലവും കൂലി ഉൾപ്പെടെ ഒറ്റ തുകയായി തന്നെ കാണിക്കുക, മറ്റ് ബ്ലോക്കുകളിലൊന്നും രേഖപ്പെടുത്തേണ്ടതില്ല). മുൻപ് ചെയ്തിരുന്ന സിസ്റ്റം ഈ കാർഷിക വർഷവും ഉപയോഗിക്കുകയും അറ്റകുറ്റപ്പണി വരികയാണെങ്കിൽ ആയതിന്റെ ചെലവ് ഈ ബ്ലോക്കിൽ അറ്റകുറ്റപണിക്കും സംരക്ഷിക്കുന്നതിനുമുള്ള ചെലവ് എന്ന കോളത്തിൽ ഉൾപ്പെടുത്തുക.

D.6) ബ്ലോക്ക് 4 കൂലി സംബന്ധിച്ച വിവരങ്ങളിൽ ആകെ ജോലി ചെയ്ത സമയം (മണിക്കൂർ) ഡെസിമലിൽ എങ്ങനെയാണ് രേഖപ്പെടുത്തേണ്ടത് ?

ഒരാൾ 3 മണിക്കൂർ 45 മിനിറ്റ്(3:45) ജോലിചെയ്തിട്ടുണ്ടെങ്കിൽ ആകെ ജോലിചെയ്ത സമയം 3.75 (decimal ൽ) എന്നാണ് സോഫ്റ്റ്വെയറിൽ രേഖപ്പെടുത്തേണ്ടത്.

45 Minutes=45/60 =0.75 മണിക്കൂർ

ഒരു യന്ത്രം 35 മിനിറ്റ് ആണ് ഉപയോഗിച്ചതെങ്കിൽ (35/60 = 0.58) ആകെ ജോലി ചെയ്ത സമയം 0.58 മണിക്കൂർ എന്നാണ് രേഖപ്പെടുത്തേണ്ടത്.

35 Minutes=35/60 =0.58 മണിക്കൂർ

D.7) ഇഞ്ചി, മഞ്ഞൾ എന്നിവയിൽ പുതയിടൽ(നടുന്ന സമയത്ത് ചേർക്കുന്ന പച്ചിലവളം), വളം ചെയ്ത ശേഷം മണ്ണ് കൂട്ടൽ എന്നിവയെ കൃഷിപ്പണി ഏത് കോഡിൽ ഉൾപ്പെടുത്താം?

ബ്ലോക്ക് 4 കൂലി സംബന്ധിച്ച വിവരങ്ങളിൽ 'വളം ചെയ്യൽ' കോഡ് – 20 എന്നതിൽ ഉൾപ്പെടുത്താം.

D.8) അടയ്ക്ക/നാളികേരം മുതലായവക്കു വിളവെടുക്കുമ്പോൾ പെറുക്കി എടുക്കുക, ഉണങ്ങിയ അടക്ക പൊളിച്ചു കൊടുക്കുക എന്നിവയെ കൃഷിപ്പണി ഏത് കോഡിൽ ഉൾപ്പെടുത്താം?

അടയ്ക്ക/നാളികേരം മുതലായവക്കു വിളവെടുക്കുമ്പോൾ പെറുക്കി എടുക്കുക എന്നത് ബ്ലോക്ക് 4 കൂലി സംബന്ധിച്ച വിവരങ്ങളിൽ 'വിളവെടുക്കൽ' കോഡ്–30 ൽ ഉൾപ്പെടുത്താം. ഉണങ്ങിയ അടയ്ക്ക പൊളിച്ചു കൊടുക്കുന്നതിനെ അടയ്ക്ക പൊളിയ്ക്കൽ കോഡ്– 37 ൽ ഉൾപ്പെടുത്താം.

D.9) തിരഞ്ഞെടുത്ത നെൽ കർഷകന് സ്വന്തമായി ടില്ലർ ഉണ്ട്. യന്ത്രം ഉപയോഗിച്ചിട്ടുള്ള മണിക്കൂർ നിരക്കിലുള്ള കൂലിയിലാണോ ഉഴവ്കൂലിയായി രേഖപ്പെടുത്തേണ്ടത്? അതോ ഡീസൽ ചെലവും ആളുടെ ദിവസക്കൂലിയും രേഖപ്പെടുത്തിയാൽ മതിയോ?

കർഷകന് സ്വന്തമായിട്ടുള്ള ടില്ലർ ഉപയോഗിച്ചാണ് ഉഴവുന്നതെങ്കിൽ അത് ബ്ലോക്ക് 4 ലെ ഗാർഹികം സബ് ബ്ലോക്കിലേക്കാണ് കൊണ്ട് വരേണ്ടത്. അതായത് ഉഴവുമ്പോൾ ആകെ സമയത്തിന്റെ അടിസ്ഥാനത്തിൽ ഇത്തരത്തിലുള്ള യന്ത്രം ഉപയോഗിക്കുന്നതിന്റെ ചെലവ് അന്വേഷിച്ച് impute ചെയ്യുക.

D.10) കർഷകൻ സ്വന്തമായിട്ടുള്ള യന്ത്രങ്ങൾ കൃഷിയ്ക്ക് ഉപയോഗിച്ചാൽ ആയത് രേഖപ്പെടുത്തേണ്ട വിധം?

സ്വന്തമായിട്ടുള്ള യന്ത്രങ്ങളുടെ ചെലവ് ബ്ലോക്ക് 4 കൂലി സംബന്ധിച്ച വിവരങ്ങളിൽ ഗാർഹികം എന്ന സബ് ബ്ലോക്കിൽ യന്ത്രങ്ങളിൽ ഇനം 18, 19, 20, 21 ൽ impute ചെയ്ത് രേഖപ്പെടുത്തേണ്ടതാണ്. ആയതിൽ നിന്നും ഡീസൽ/പെട്രോൾ ചെലവ് തരം തിരിക്കാൻ സാധിച്ചാൽ ബ്ലോക്ക് 7– സബ് ബ്ലോക്ക് **II** 'യന്ത്രങ്ങളുടെ ചെലവ്' എന്നതിൽ പ്രസ്തുത ഇനങ്ങൾക്ക് നേരെ രേഖപ്പെടുത്തേണ്ടതാണ്.

D.11) കർഷകൻ യന്ത്രങ്ങൾ വാടകയ്ക്ക് എടുത്ത് കൃഷിയ്ക്ക് ഉപയോഗിച്ചാൽ ആയത് രേഖപ്പെടുത്തേണ്ട വിധം?

വാടകയ്ക്ക് എടുത്ത യന്ത്രങ്ങളുടെ ചെലവ്(വാടക) ബ്ലോക്ക് 4 കൂലി സംബന്ധിച്ച വിവരങ്ങളിൽ കൂലിപ്പണി എന്ന സബ് ബ്ലോക്കിൽ യന്ത്രങ്ങളിൽ ഇനം 18,19,20,21 ൽ ഉൾപ്പെടുത്തേണ്ടതാണ്. ആയതിൽ നിന്നും ഡീസൽ/പെട്രോൾ ചെലവ് തരം തിരിക്കാൻ സാധിച്ചാൽ ബ്ലോക്ക് 7– സബ് ബ്ലോക്ക് **II** 'യന്ത്രങ്ങളുടെ ചെലവ്' എന്നതിൽ പ്രസ്തുത ഇനങ്ങൾക്ക് നേരെ രേഖപ്പെടുത്തേണ്ടതാണ്.

D.12) പാടശേഖര സമിതി പോലുള്ളവയിൽ നിന്നും സൗജന്യ നിരക്കിൽ ലഭിക്കുന്ന യന്ത്രങ്ങൾ ഉപയോഗിച്ചാൽ ആയത് രേഖപ്പെടുത്തേണ്ട വിധം?

ബ്ലോക്ക് 4 ലെ കൂലിപ്പണി എന്ന സബ് ബ്ലോക്കിൽ യന്ത്രങ്ങൾ എന്നതിലാണ് കൊണ്ട് വരേണ്ടത്. അതായത് ആകെ സമയത്തിന്റെ അടിസ്ഥാനത്തിൽ ഇത്തരത്തിലുള്ള യന്ത്രം ഉപയോഗിക്കുന്നതിന്റെ ചെലവ് അന്വേഷിച്ച് impute ചെയ്ത് രേഖപ്പെടുത്തേണ്ടതാണ്.

D.13) കർഷകൻ സ്വന്തമായിട്ടുള്ള യന്ത്രം കൂലിയ്ക്ക് ആളെ നിർത്തി കൃഷിയ്ക്ക് ഉപയോഗിച്ചാൽ ആയതിന്റെ ചെലവ് രേഖപ്പെടുത്തേണ്ട വിധം?

കൂലിയ്ക്ക് ആളെ നിർത്തി യന്ത്രം ഉപയോഗിച്ചാൽ കൂലി ബ്ലോക്ക് 4 കൂലി സംബന്ധിച്ച വിവരങ്ങളിൽ കൂലിപ്പണി സബ് ബ്ലോക്ക് 2 ൽ പുരുഷൻ/സ്ത്രീ/ട്രാൻസ്ജെൻഡർ എന്നീ ഏതെങ്കിലും ഇനങ്ങളിൽ ഉൾപ്പെടുത്തേണ്ടതാണ്. ആയതിൽ നിന്നും ഡീസൽ/പെട്രോൾ ചെലവ് തരം തിരിക്കാൻ സാധിച്ചാൽ ബ്ലോക്ക് 7 സബ് ബ്ലോക്ക് **II** യന്ത്രങ്ങളുടെ ചെലവ് എന്നതിൽ പ്രസ്തുത ഇനങ്ങൾക്ക് നേരെ രേഖപ്പെടുത്തേണ്ടതാണ്. യന്ത്രത്തിന്റെ ചെലവ് ബ്ലോക്ക് 4 സബ് ബ്ലോക്ക് 1 ൽ യന്ത്രങ്ങളിൽ ആകെ സമയത്തിന്റെ അടിസ്ഥാനത്തിൽ impute ചെയ്ത് രേഖപ്പെടുത്തേണ്ടതാണ്.

D.14) തൊഴിലുറപ്പിനായി നൽകുന്ന കൂലി മാർക്കറ്റ് റേറ്റാണോ അതോ തൊഴിലുറപ്പ് കൂലിയാണോ രേഖപ്പെടുത്തേണ്ടത്?

തൊഴിലുറപ്പ് പദ്ധതി പ്രകാരം നൽകപ്പെടുന്ന കൂലിയാണ് ബ്ലോക്ക് 4 – സബ് ബ്ലോക്ക് 2 കൂലിപ്പണിയിൽ രേഖപ്പെടുത്തേണ്ടത്. ആയത് സബ്സിഡി ഇനത്തിലും രേഖപ്പെടുത്തേണ്ടതാണ്.

D.15) Calcium nitrate, Mono ammonium phosphate, Di ammonium phosphate, Potassium nitrate, Sulphate of potash, Complex തുടങ്ങിയ രാസവളങ്ങൾ ഉൾപ്പെടുത്തേണ്ടത് ഏത് ബ്ലോക്കിലാണ്?

വിവിധ തരം Chemical complex mixture fertilisers ഉപയോഗിക്കുന്നുണ്ടെങ്കിൽ അവയെ ബ്ലോക്ക് 5, സബ്ബ്ലോക്ക് 2 ഇനം 9 ൽ 'മറ്റ് രാസവള മിശ്രിതങ്ങൾ' എന്നതിൽ ഉൾപ്പെടുത്തേണ്ടതാണ്.

D.16) ബ്ലോക്ക് 5– സബ്ബ്ലോക്ക് 2 ലെ വളങ്ങൾ എന്നതിൽ ഇനം 5 (പിണ്ണാക്ക്) ൽ വേപ്പിൻ പിണ്ണാക്ക്/കടല പിണ്ണാക്ക് എന്നിങ്ങനെ വിലയിൽ വ്യത്യാസമുള്ളവ എങ്ങനെ രേഖപ്പെടുത്തും?

രണ്ടും വരുന്ന സാഹചര്യത്തിൽ വിലകൾ തമ്മിൽ അന്തരം ഉണ്ടെങ്കിലും അവയുടെ ആകെ അളവും, ആകെ വിലയും ബ്ലോക്ക് 5 സബ്ബ്ലോക്ക് 2 ലെ ഇനം 5 പിണ്ണാക്ക് എന്നതിൽ രേഖപ്പെടുത്തേണ്ടതാണ്.

D.17) കൃഷി സംരക്ഷണത്തിനായി ഉപയോഗിക്കുന്ന ഗോമൂത്രം രേഖപ്പെടുത്തേണ്ട വിധം?

ബ്ലോക്ക് 5 സബ് ബ്ലോക്ക് 3 ൽ കൃഷി സംരക്ഷണം ഇനം 6 ൽ 'ജീവശാസ്ത്രപരമായ നിയന്ത്രണം' എന്ന ഇനത്തിൽ ഉപയോഗിച്ച അളവും വിലയും രേഖപ്പെടുത്തുക.

D.18) 'ത്രീ മിക്സ് ജൈവവളം', 'ജൈവ പൊട്ടാഷ്' എന്നിവ രേഖപ്പെടുത്തേണ്ട വിധം?

ബ്ലോക്ക് 5 സബ് ബ്ലോക്ക് 2 വളങ്ങളിൽ ഇനം 8 മറ്റ് ജൈവവളങ്ങളിൽ 'ഓർഗാനിക് മിക്സ്ചർ' എന്നതിൽ രേഖപ്പെടുത്തുക.

D.19) കൃഷി സംരക്ഷണത്തിലെ ജീവശാസ്ത്രപരമായ നിയന്ത്രണം എന്നാൽ എന്താണ് ?

ജീവശാസ്ത്രപരമായ നിയന്ത്രണം എന്നത് രാസപരമല്ലാത്തതും പരിസ്ഥിതി സൗഹൃദപരവുമായ രീതികളുടെ ഉപയോഗമാണ്. ഉദാ: നെറ്റ്, ഗോമൂത്രം, വേപ്പിൻ കഷായം തുടങ്ങിയവ.

D.20) മെഷീൻ വഴി ഞാറ് നടുന്ന കർഷകർ ഞാറ് തയ്യാറാക്കി മെഷീനിൽ വയ്ക്കുന്നതിനായി ട്രേകൾ വാടകയ്ക്ക് എടുക്കാറുണ്ട്. ആയത് രേഖപ്പെടുത്തേണ്ടതെങ്ങനെ?

സോഫ്റ്റ് വെയറിൽ ബ്ലോക്ക് 7 ലെ സബ് ബ്ലോക്ക് **III** ൽ മറ്റ് ചെലവുകളിൽ ഇനം 10 ൽ 'ട്രേകൾ വാടകയ്ക്ക് എടുക്കുന്നതിനുള്ള ചെലവ്' എന്നതിൽ വാടകയ്ക്ക് എടുക്കുന്നതിനുള്ള ചെലവ് രേഖപ്പെടുത്തേണ്ടതാണ്.

D.21) കൃഷി ചെയ്യുന്നതിന് വേണ്ടി വളം കൊണ്ടുവരുന്നതിനുള്ള ചെലവ് മറ്റ ചെലവുകളിൽ ട്രാൻസ്പോർട്ടേഷൻ ചാർജിൽ ആണോ ഉൾപ്പെടുത്തേണ്ടത്? കൂടാതെ നെല്ല് ചാക്കിലാക്കുമ്പോൾ ചാക്ക്, ടാർപ്പായ എന്നീ ചെലവുകൾ എവിടെ കൊടുക്കണം?

കർഷകൻ കൃഷി ചെയ്യുന്നതുമായി ബന്ധപ്പെട്ടുള്ള പ്രാരംഭ ചെലവുകളിൽ തുടങ്ങി വിളവെടുക്കുന്നത് വരെയുള്ള ചെലവുകളാണ് കൃഷിച്ചെലവിൽ ഉൾപ്പെട്ട് വരുന്നത്. കൃഷിക്കാരൻ വളം കൊണ്ട് വരുന്നതിനുള്ള (വളം മാത്രമല്ല, കൃഷി ചെയ്യുന്നതിനാവശ്യമായ എല്ലാ സാധനങ്ങളും) വാഹനച്ചെലവും ബ്ലോക്ക് 7 ലെ സബ് ബ്ലോക്ക് III ഇനം 2 ട്രാൻസ്പോർട്ടേഷൻ ചാർജിൽ ആണ് ഉൾപ്പെടുത്തേണ്ടത്.

D.22) കാലിക വിളകൾക്ക് ഭ്രനികൃതി രേഖപ്പെടുത്തുന്ന വിധം?

കാലിക വിളകൾ കൃഷി ചെയ്യുമ്പോൾ വാർഷികമായിട്ടാണ് ഈ നികുതികൾ അടയ്ക്കുന്നതെങ്കിൽ അത് പ്രസ്തുത വിള കൃഷി ചെയ്യുന്ന കാലയളവിന് ആനുപാതികമായി രേഖപ്പെടുത്തേണ്ടതാണ്. വ്യത്യസ്ത വിളകൾക്ക് ഒരുമിച്ച് ഈ നികുതികൾ അടയ്ക്കുന്ന സാഹചര്യത്തിൽ വിള കൃഷി ചെയ്ത ഭൂമിയ്ക്ക് ആനുപാതികമായി രേഖപ്പെടുത്തേണ്ടതാണ്.

D.23) PH ബൂസ്റ്റർ/ബഫർ, ഡൈഞ്ച, വളപ്പയർ എന്നിവ ഏത് ബ്ലോക്കിലാണ് ഉൾപ്പെടുത്തേണ്ടത്?

ബ്ലോക്ക് 7 മറ്റ് ചെലവുകളിൽ സബ്ബ്ലോക്ക് **I** "മണ്ണ് ക്രമീകരണം" എന്നതിൽ ഉൾപ്പെടുത്തേണ്ടതാണ്. Humic acid granules പോലുള്ളവ 'PH ബൂസ്റ്റർ/ബഫർ' എന്നതിൽ ഉൾപ്പെടുത്തേണ്ടതാണ്.

D.24) പൈനാപ്പിൾ കൃഷിക്ക് വെള്ളം വാഹനങ്ങളിൽ കൊണ്ട് വന്ന് നനയ്ക്കുന്നതിന്റെ ചെലവ് ഏത് ബ്ലോക്കിലാണ് ഉൾപ്പെടുത്തേണ്ടത്?

വാഹന വാടകയുൾപ്പെടെയുള്ള വെള്ളത്തിന്റെ ചെലവ് ബ്ലോക്ക് 7 സബ്ബ്ലോക്ക് III ലെ ഇനം 6 ൽ ജലസേചനം എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തേണ്ടതാണ്.

D.25) പൈനാപ്പിൾ പോലുള്ള കൃഷികൾക്ക് തണൽ നൽകുന്നതിന് പച്ചവിരി ആവശ്യമായി വരുന്നു. ആയതിന്റെ ചെലവ് ഏത് ബ്ലോക്കിലാണ് ഉൾപ്പെടുത്തേണ്ടത്?

ബ്ലോക്ക് 7 മറ്റ് ചെലവുകളിൽ ഇനം 7 ൽ "പന്തൽ നിർമാണ സാമഗ്രികൾ" എന്നതിൽ ഉൾപ്പെടുത്തേണ്ടതാണ്.

D.26) എല്ലാ ഷെഡ്യൂളുകളിലും പാട്ടവാടക രേഖപ്പെടുത്തേണ്ടതുണ്ടോ?

ബ്ലോക്ക് 2 – ഇനം i ൽ ഭൂമിയുടെ തരം അനുസരിച്ച് ബ്ലോക്ക് 7.1 ൽ പാട്ടവാടകയിൽ ഏതെങ്കിലും ഒരു ഇനത്തിലോ (1 or 2) അല്ലെങ്കിൽ രണ്ടിനത്തിലും ഒരുമിച്ചോ നിർബന്ധമായും എൻട്രി വരേണ്ടതാണ്. ഭൂമിയുടെ തരം "മറ്റുള്ളവ" വന്നാൽ പാട്ടവാടകയിൽ ഇനം 2 ൽ നിർബന്ധമായും രേഖപ്പെടുത്തുക.

D.27) കള കയറാതിരിക്കാനുള്ള പ്ലാസ്റ്റിക് ഷീറ്റ് (Mulching sheet) ഏത് ബ്ലോക്കിലാണ് ഉൾപ്പെടുത്തേണ്ടത്?

ബ്ലോക്ക് 7 ലെ സബ്ബ്ലോക്ക് **III** ൽ മറ്റുചെലവുകളിൽ ഇനം 9 ൽ "മറ്റ് കൃഷി സംരക്ഷണ മാർഗങ്ങൾ" എന്നതിൽ രേഖപ്പെടുത്തുക.

D.28) ബ്ലോക്ക് 7 മറ്റ് ചെലവുകളിലെ സബ്ബ്ലോക്ക് III ലെ ഇനം 2 ട്രാൻസ്പോർട്ടേഷൻ ചാർജ്, ബ്ലോക്ക് 7.2 മാർക്കറ്റിങ് ചാർജ് എന്നിവ തമ്മിലുള്ള വ്യത്യാസം?

സംസ്ഥാനവരുമാന നിർണയത്തിലേക്കായി പ്രസ്തുത വിഭാഗത്തിന്റെ ആവശ്യപ്രകാരം 2024-25 വർഷം മുതൽ സർവേയിൽ ഉൾപ്പെടുത്തിയിട്ടുള്ള സുപ്രധാന ഇനമാണ് **മാർക്കറ്റിങ് ചാർജ്** (Sch D: ബ്ലോക്ക് 7.2). ഒരു വിളയുമായി ബന്ധപ്പെട്ട ഉത്പ്പന്നം/ഉപോത്പ്പന്നം വിപണനം ചെയ്യുന്നതുമായി ബന്ധപ്പെട്ട് കർഷകന് വരുന്ന ചെലവാണ് ഈ ഇനത്തിൽ ഉൾപ്പെടുത്തേണ്ടത്. ഇതിൽ ഉത്പ്പന്നം/ഉപോത്പ്പന്നം വിപണനത്തിനായി കൊണ്ട് പോകുമ്പോഴുള്ള ചെലവ്, മാർക്കറ്റിൽ അത് വിപണത്തിനായി സംഭരിക്കുമ്പോൾ എന്തെങ്കിലും ചാർജ് കൊടുക്കേണ്ടി വന്നാൽ അത് എന്നിങ്ങനെ ഉത്പ്പന്നം/ഉപോത്പ്പന്നത്തിന്റെ വിപണനവുമായി ബന്ധപ്പെട്ട ചാർജ് ആണ് ഇവിടെ രേഖപ്പെടുത്തേണ്ടത്. കൂടാതെ ഇവ വിപണത്തിനായി കൊണ്ട് പോകുന്നതിനുള്ള വണ്ടിക്കൂലി, ചാക്കുകളൊ മറ്റോ വാങ്ങേണ്ടി വന്നാൽ അതിന്റെ ചാർജ് തുടങ്ങിയവയെല്ലാം ഇതിൽ ഉൾപ്പെടുത്തേണ്ടതാണ്.

എന്നാൽ ബ്ലോക്ക് 7 സബ്ബ്ലോക്ക് **III** ൽ ഇനം 2 ൽ **ട്രാൻസ്പോർട്ടേഷൻ ചാർജ്** എന്നത് കൊണ്ട് ഉദ്ദേശിക്കുന്നത് കൃഷിച്ചെലവുമായി ബന്ധപ്പെട്ട് ഇൻപുട്ടുകൾ കൊണ്ട് വരുന്നതിനും മറ്റുമായി വരുന്ന ചെലവുകളാണ്. ട്രാൻസ്പോട്ടേഷൻ ചാർജ് വിളവെടുപ്പ് വരെയുള്ള ഘട്ടത്തിൽ വരുന്നതും കൃഷിച്ചെലവിൽ (cost A) ഉൾപ്പെട്ട് വരുന്നതുമാണ്, എന്നാൽ മാർക്കറ്റിങ് ചാർജ് വിപണനവുമായി ബന്ധപ്പെട്ട ചെലവുകളാണ് ഇത് കൃഷിച്ചെലവിൽ ഉൾപ്പെട്ട് വരുന്നില്ല.

D.29)ഒരു കർഷകൻ കട/പീടിക വാടകയ്ക്ക് എടുത്ത് മാസവേതനത്തിന് ആളെ നിയമിച്ച് അദ്ദേഹത്തിന്റെ തന്നെ കൃഷിയിടത്തു നിന്ന് ലഭിക്കുന്ന പച്ചക്കറികൾ വിൽക്കുന്നു. ഈ സാഹചര്യത്തിൽ കടയുടെ വാടക, ജോലിക്കാരന്റെ മാസവേതനം എന്നിവ മാർക്കറ്റിംഗ് ചാർജിൽ നൽകേണ്ടതുണ്ടോ?

കട/പീടിക എന്നത് ഒരു മാർക്കറ്റിന്റെ ഭാഗം ആയതിനാൽ കാർഷിക വിളവ് കട/പീടിക വരെ എത്താനുള്ള ചെലവ് മാർക്കറ്റിംഗ് ചാർജിൽ ഉൾപ്പെടുത്തിയാൽ മതിയാവും. കടയുടെ വാടക, മാസവേതനം എന്നിവ മാർക്കറ്റിംഗ് ചാർജിൽ ഉൾപ്പെടുത്തേണ്ടതില്ല. അവ ട്രേഡിംഗ് എന്ന ആക്റ്റിവിറ്റിയുടെ ഭാഗമാണ്.

D.30)കാലിക വിളകൾക്ക് ഒരു സീസണിൽ ഉപയോഗിക്കുന്ന താത്കാലിക പന്തലുകൾ അടുത്ത സീസണുകളിലും ഉപയോഗിച്ചാൽ ആ ചെലവ് ഓരോ സീസണുകളിലും ഉൾപ്പെടുത്തേണ്ടതുണ്ടോ?

ഒരു സീസണിൽ ഉപയോഗിക്കുന്ന **താത്കാലിക പന്തലുകൾ** അടുത്ത സീസണുകളിലും ഉപയോഗിക്കാവുന്നതാണ്. ഓരോ സീസണിലും ഉപയോഗിക്കുകയാണെങ്കിൽ ആയതിൽ പന്തൽ നിർമാണ സാമഗ്രികളുടെ ചെലവ്

ബ്ലോക്ക് 7 മറ്റ് ചെലവുകളിൽ സബ് ബ്ലോക്ക് **III** ഇനം 7 ലും, പന്തൽ നിർമിക്കുന്നതിനുള്ള ചെലവ് ബ്ലോക്ക് 4 സബ് ബ്ലോക്ക് 2 കൂലിപ്പണിയിൽ (കോഡ് 24) രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ മുതൽ മുടക്ക് കൂടുതൽ ഉള്ള **സ്ഥിരം പന്തൽ** ആണെങ്കിൽ ആയതിനെ ഒരു fixed asset ആയി പരിഗണിച്ച് ബ്ലോക്ക് 3 – സബ് ബ്ലോക്ക് 6 ഇനം 3 ൽ രേഖപ്പെടുത്തേണ്ടതാണ്.

D.31)ബ്ലോക്ക് 8– സബ് ബ്ലോക്ക് **III** ഉത്പ്പന്നത്തിൽ(നെല്ലിൽ) നാടൻ, അത്യുത്പാദനം എന്നിങ്ങനെ വിലയിൽ വ്യത്യാസം ഉള്ള ഇനങ്ങൾ വന്നാൽ രേഖപ്പെടുത്തേണ്ട വിധം?

രണ്ടും വരുന്ന സാഹചര്യത്തിൽ വിലകൾ തമ്മിൽ അന്തരം ഉണ്ടെങ്കിലും അവയുടെ ആകെ അളവും, ആകെ വിലയും രേഖപ്പെടുത്തിയാൽ മതിയാകും.

D.32)അഞ്ചുവർഷങ്ങൾക്ക് മുൻപ് സബ്സിഡി ലഭിച്ച ഇനത്തിന്റെ സബ്സിഡി രേഖപ്പെടുത്തേണ്ടത് എപ്രകാരം?

സർവേ പരിധിയിൽ വരുന്ന വിളയുടെ കൃഷിച്ചെലവുമായി ബന്ധപ്പെട്ട ഇനങ്ങളിൽ നിലവിലെ കാർഷിക വർഷം ലഭിച്ചതോ ലഭിക്കാൻ ഇടയുള്ളതോ ആയ സബ്സിഡി ആണ് രേഖപ്പെടുത്തേണ്ടത്.

D.33) പ്രസ്തുത കാർഷിക വർഷം എടുത്ത വായ്പയുടെ പലിശയിൽ സബ്സിഡി ലഭിച്ചാൽ ആയത് രേഖപ്പെടുത്തേണ്ട വിധം ?

വായ്പയുടെ യഥാർത്ഥ പലിശ ബ്ലോക്ക് 9 സബ് ബ്ലോക്ക് 1 വായ്പയിലും, പലിശയിൽ ലഭിച്ച സബ്സിഡി ബ്ലോക്ക് 9 സബ് ബ്ലോക്ക് 2 സബ്സിഡി ഇനം 9 ൽ രേഖപ്പെടുത്തേണ്ടതാണ്. (ഉദാ: ആകെപലിശ 9% ഉം പലിശയിൽ സബ്സിഡി 4% ഉം ആണെങ്കിൽ, വായ്പയുടെ യഥാർത്ഥ പലിശ 9% വായ്പയിലും, വായ്പയുടെ പലിശയിനത്തിൽ ലഭിക്കുന്ന 4% സബ്സിഡി സബ്സിഡിയിലും രേഖപ്പെടുത്തുക)

D.34) കൃഷിഭവനിൽ നിന്നും മറ്റും വിത്ത് സൗജന്യമായി ലഭിച്ചാൽ വില എപ്രകാരം രേഖപ്പെടുത്തണം ?

സൗജന്യമായി ലഭിച്ച വിത്തിനത്തിന്റെ മാർക്കറ്റ് വിലയെ അടിസ്ഥാനമാക്കിയുള്ള വിലയാണ് രേഖപ്പെടുത്തേണ്ടത്. ആയത് സബ്സിഡി ഇനത്തിലും രേഖപ്പെടുത്തേണ്ടതാണ്.

D.35) ഒന്നിൽ കൂടുതൽ വിളകൾക്കായി എടുത്ത വായ്പ രേഖപ്പെടുത്തേണ്ടത് എപ്രകാരം?

ഒന്നിൽ കൂടുതൽ വിളകൾക്കായി എടുത്ത വായ്പയിൽ നിന്ന് സർവേ ചെയ്യപ്പെടുന്ന വിളയ്ക്ക് ആനുപാതികമായ തുകയാണ് രേഖപ്പെടുത്തേണ്ടത്.

D.36) കൃമ്മായം, പന്തൽ നിർമ്മാണം എന്നിവയ്ക്ക് കൃഷിഭവൻ വഴി സബ്സിഡി ലഭിച്ചാൽ രേഖപ്പെടുത്തേണ്ട വിധം?

കൃമ്മായം, പന്തൽ നിർമ്മാണം എന്നിവയുടെ യഥാർത്ഥ ചെലവ് ബന്ധപ്പെട്ട ബ്ലോക്കുകളിൽ രേഖപ്പെടുത്തിയ ശേഷം, സബ്സിഡി ബ്ലോക്ക് 9 സബ്ബ്ലോക്ക് 2 ഉൾപ്പെടുത്തിയിട്ടുള്ള 'കൃഷി സംരക്ഷണം' (കോഡ് 8) എന്നതിൽ രേഖപ്പെടുത്തുക.

D.37) ഒരു കർഷകൻ ഭൂമി പാട്ടത്തിന് എടുത്ത് കൃഷി ചെയ്യുന്നു. ആ വിള കൃഷി ഭവനിൽ രജിസ്റ്റർ ചെയ്യുന്നത് ഭൂമിയുടെ ഉടമസ്ഥന്റെ പേരിലാണ്. സബ്സിഡി തുക, ഉത്പാദനബോണസ് എന്നിവ ഉടമസ്ഥന് ലഭിക്കുന്നു. ഈ സാഹചര്യത്തിൽ സബ്സിഡി എങ്ങനെ രേഖപ്പെടുത്തണം?

പ്രസ്തുത വിളയ്ക്ക് കിട്ടിയ സബ്സിഡി, കർഷകനല്ലാതെ ഭൂവുടമയ്ക്ക് ലഭ്യമായതാണെങ്കിൽ പോലും സബ്സിഡി സംബന്ധിച്ച വിവരങ്ങൾ കർഷകനിൽ നിന്ന് ലഭ്യമാകുമെങ്കിൽ ടി വിവരം ബ്ലോക്ക് 9 സബ്ബ്ലോക്ക് 2 ൽ രേഖപ്പെടുത്തേണ്ടതാണ്.

D.38) സർവേയുടെ സോൺ സെലക്ഷൻ, വിവരശേഖരണം, ഡാറ്റാ എൻട്രി എന്നിവ പൂർത്തീകരിക്കേണ്ട തീയതികളേതെല്ലാം?

ഓരോ താലൂക്കിലേയും തിരഞ്ഞെടുത്ത 4 സോണുകൾ ജൂലൈ 5 നുള്ളിൽ ഡയറക്ടറേറ്റിൽ ലഭിക്കുന്ന രീതിയിലും, കാലിക വിളകളുടേയും, വാർഷിക വിളകളുടേയും ഡാറ്റാ എൻട്രി തുടങ്ങിയ കാര്യങ്ങൾ താഴെ പറയുന്ന കലണ്ടർ പ്രകാരം പൂർത്തീകരിക്കേണ്ടതാണ്.

സോൺ സബ്മിഷൻ: ഓരോ താലൂക്കിലേയും തിരഞ്ഞെടുത്ത നാല് സോണുകൾ ഡയറക്ടറേറ്റിലേയ്ക്ക് സമർപ്പിക്കേണ്ട അവസാന തീയതി **: ജൂലൈ 5**

ക്രമ നം.	വിള	സർവേ ആരംഭിക്കേണ്ട തീയതി	ഷെഡ്യൂൾ L ഡയറക്ടറേറ്റിൽ സമർപ്പിക്കേണ്ട അവസാന തീയതി	വിവരശേഖരണം പൂർത്തീകരിക്കേണ്ട തീയതി	ഷെഡ്യൂൾ D ഡയറക്ടറേറ്റിൽ സമർപ്പിക്കേണ്ട അവസാന തീയതി
1	വിരിപ്പ്	1 ജൂലൈ	30 സെപ്റ്റംബർ	31 ഒക്ടോബർ	30 നവംബർ
2	മുണ്ടകൻ	1 നവംബർ	31 ജനുവരി	28 ഫെബ്രുവരി	31 മാർച്ച്
3	പുഞ്ച	1 മാർച്ച്	31 മേയ്	30 ജൂൺ	31 ജൂലൈ
4	വാർഷികം	1 ജൂലൈ	31 ഡിസംബർ	30 ജൂൺ	31 ജൂലൈ